സെപ്റ്റംബർ 2013

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം
വാല്യം – 26 ലക്കം – 09









അട്ടപ്പാടിക്ക് ഒരു സ്നേഹ സ്പർശവുമായി...







ഇടയശ്രേഷ്ഠന്മാരുടെ സ്നേഹ സംഗമം




# പ്രസാദം നിറഞ്ഞ സായന്തനം

ജീവിത സായന്തനങ്ങളെ സുഗന്ധപൂർണ്ണമാക്കണമെന്ന് ഏവരും ആഗ്രഹിക്കുന്നതാണ്. മടങ്ങിപ്പോകാനുള്ള കാലം സമാഗതമാകുമ്പോൾ ഉറ്റവരെയും ഉടയവരെയും തിരിച്ചറിയാതെ, സ്വയം തിരിച്ചറിയാതെ, ഭൂമിയിലേക്ക് വന്നപോലെ ഒരു തിരിച്ചു പോക്ക് 'അൽസ്ഹൈമേഴ്സ്' (Alzheimer's) സ്മൃതിനാശ രോഗം ഇന്നത്തെ പ്രസാദം നിറഞ്ഞ വാർദ്ധക്യ സന്ധ്യകളെ വിരസിതമാക്കുന്നു. സെപ്റ്റംബർ 21 ലോക അൽസ്ഹൈമേഴ്സ് ദിനമായി ആചരിക്കുകയാണ്. ലോകാരോഗ്യ സംഘടനയുടെ കണക്ക് അനുസരിച്ച് ഇന്ന് ലോകത്ത് ആകമാനം മൂന്നുകോടി അറുപത്തിയാറ് ലക്ഷം സ്മൃതിരോഗ ബാധിതർ ഉണ്ട്.

40–60 നും വയസ്സിനിടയ്ക്കാണ് സ്മൃതിരോഗം സാധാരണയായി ആരംഭിക്കുന്നത്. പ്രകടമായ രോഗലക്ഷണങ്ങൾ ആരംഭത്തിൽ കാണുന്നില്ലെങ്കിലും ഓർമ്മയുടെ മങ്ങൽ അനുഭവപ്പെട്ടു തുടങ്ങുന്നു. അടുത്ത് നടന്ന സംഭവങ്ങൾ മറക്കുക, സ്ഥലവും, വസ്തുക്കളും, സമയവും തിരിച്ചറിയാതെ വരിക, വികാരപരമായ വ്യതിയാനങ്ങൾ, പെരുമാറ്റത്തിലെ വൈകൃതങ്ങൾ, തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ, തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള വൈമുഖ്യം, പരിചിതരോടുള്ള അപരിചിതത്വം തുടങ്ങിയവ സാധാരണ ജീവിതത്തിലേക്ക് കടന്നു വരുമ്പോൾ ഇവ രോഗലക്ഷണങ്ങളായി പരിണമിക്കുന്നു.

പ്രായമായവരിൽ തലച്ചോറിന്റെ കോശങ്ങളിൽ അനേകം രാസപ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളും നടക്കുന്നു. വിഷാംശമുള്ള രാസപദാർത്ഥങ്ങൾ ഇതിന്റെ ഫലമായി കോശങ്ങൾക്കുള്ളിലും അവയ്ക്കു ചുറ്റും നിക്ഷേപിക്കപ്പെടുന്നു. ഇങ്ങനെ സജീവ കോശങ്ങളുടെ പ്രവർത്തനം മന്ദീഭവിക്കുന്നു. അതിലൂടെ തലച്ചോർ ചുരുങ്ങി പ്രവർത്തനങ്ങൾ മന്ദഗതിയിലായി സ്മൃതിനാശ രോഗത്തിലേക്ക് നയിക്കുന്നു.

സ്മൃതിനാശ രോഗത്തിന് ഫലപ്രദമായ ചികിത്സ ലഭ്യമാണെങ്കിലും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സ്നേഹവും ആത്മാർത്ഥവുമായ പരിചരണമാണ് ഈ രോഗികൾക്ക് ഏറ്റവും ആവശ്യം. ദൈനംദിന കാര്യങ്ങളിൽ സ്വയം ചെയ്യുവാനുള്ള പ്രോത്സാഹനം നൽകി കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചും പ്രചോദിപ്പിച്ചും പ്രോൽസാഹിപ്പിച്ചും പെരുമാറ്റ വൈചിത്രങ്ങൾ മനഃപൂർവ്വമല്ല എന്ന തിരിച്ചറിവോടെ ശുശ്രൂഷിക്കുമ്പോൾ ഈ കൂട്ടരിൽ കാര്യമായ ഒരു മാറ്റം ഉണ്ടാകാൻ സാധിക്കും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഉൾവലിയലിൽ നിന്നും നിരാശയിൽ നിന്നും ഏകാന്തതയിൽ നിന്നും പ്രസാദം നിറഞ്ഞ ഒരു ജീവിത സായന്തനം അവർക്കു അവർക്കു നൽകി അസ്മന സൂര്യന്റെ പൊൻകിരണങ്ങൾ പോലെ വർണ്ണങ്ങൾ പരത്തി സന്ധ്യകൾ മധുരമാക്കുവാൻ വന്ദ്യവയോധികർക്കു കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

1987-2013 വാല്യം – 26 ലക്കം – 9

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

വരിസംഖ്യ

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

പരസ്യനിരക്കുകൾ

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ.... സെപ്റ്റംബർ 2013

ഇടയപത്രിക
5 **ലഹരിക്കെതിരെ അണിചേരാം**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

പ്രസംഗം
6 **പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ**

പ്രസംഗം
7 **പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവ**

ആരാധനാ വിജ്ഞാനീയം
9 **വിജയക്കൊടി**
ഫാ. സഖറിയാ പനയ്ക്കാമറ്റം

വചനപരിച്ഛേദം
11 **പാപം കടന്നുവരുന്ന വഴികൾ**
ഫാ. പി.വി. ജോൺ

16 **അട്ടപ്പാടിക്ക് ഒരു സ്നേഹ സ്പർശം II**
ശ്രീ. റിജോഷ് ഫിലിപ്പ്, ശ്രീമതി ആനി. കെ. തോട്ടുപുറം

പഠനം
18 **എബ്രായ ലേഖനം**
ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ

ലേഖനം
20 **1686–ലെ ചെങ്ങന്നൂർ സുന്നഹദോസും കാനോനിക നോമ്പുകളും**
ഫാ. ഡോ. തോംസൺ റോബി

ഏവൻഗേല്യോന്യദ്ധ്യാനം
24 **മെൽതോ**
ഫാ. ബിജു റ്റി. മാത്യു

| | |
|---|---|
| ബാലപത്രിക | 28 |
| ഭദ്രാസന വാർത്തകൾ | 29 |
| സണ്ടേസ്കൂൾ വാർത്തകൾ | 30 |

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി

ഇടയപത്രിക

# ലഹരിക്കെതിരെ അണിചേരാം



ലഹരിയുടെ കാണാക്കയങ്ങളിൽ മുങ്ങിത്താഴാൻ ആഗ്രഹിക്കുന്ന മലയാളികളുടെ എണ്ണം ഭയാനകമായി വർദ്ധിക്കുന്നതിൽ നാം അധികം ആശങ്കപ്പെടേണ്ടതുണ്ട്. സമൂഹം എന്ത് വിചാരിക്കും എന്ന ചിന്തയിൽ മറവുകൾ ഉണ്ടായിരുന്ന മദ്യപാനം ഇന്ന് എല്ലാ അതിരുകളെയും ലംഘിച്ച് മലയാളിയുടെ ശീലമായി മാറുന്നു. 12 വയസ്സിന് താഴെയുള്ള കുട്ടികൾപോലും ലഹരിക്ക് അടിമകൾ ആണ് എന്നത് നമ്മേ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പിക്കുന്നു.

മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തെ തളർത്തി കളയുന്ന ഈ മാരകവിപത്തിന്റെ ദോഷഫലങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ പലരും ലഹരി ശീലമാക്കുമ്പോൾ അവർ സ്വയം കൊലയ്ക്കു കൊടുക്കുന്ന വിഡ്ഢിത്തമാണ് ചെയ്യുന്നത്. ചുറ്റുപാടുകളെയും ഉത്തരവാദിത്വങ്ങളെയും പൂർണ്ണമായും മറന്ന് ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ആണ് ഇന്ന് ലഹരിയെ കൂട്ടുപിടിക്കുന്നത്. ലഹരിയുടെ പേരിൽ തകർക്കപ്പെടുന്ന ജീവിതങ്ങളുടെ കദനകഥകൾ ആവർത്തിക്കപ്പെടുമ്പോൾ തന്നെ മലയാളി ഇതിനെയെല്ലാം നിഷ്ക്രിയതയോടുകൂടിയാണ് നോക്കിക്കാണുന്നത്.

ലഹരി ഹീറോയിസത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന മാധ്യമ ചിത്രീകരണം ആവർത്തിക്കപ്പെടുന്നതുകൊണ്ടാണ് കുട്ടികളിൽ ലഹരിയോടുള്ള ആസക്തി വർദ്ധിക്കാനുള്ള പ്രധാന കാരണം. താര, കായിക സെലിബ്രറ്റികൾ നുരയുന്ന മദ്യക്കുപ്പികളുമായി മാധ്യമങ്ങളിൽ അവതരിക്കപ്പെടുമ്പോൾ കുട്ടികൾ അനുകരിക്കാൻ ശ്രമിക്കുന്നതും ആസ്വദിക്കാൻ ശ്രമിക്കുന്നതും ലഹരിയുടെ ലോകമാണ്.

കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിക്ക് അവിഭാജ്യഘടകമായി ലഹരി കച്ചവടം മാറുമ്പോൾ ലഹരിയെ പറ്റിയുള്ള പത്രവി ലാപങ്ങൾ അല്ലാതെ ലഹരിയുടെ അനസ്യൂത ഉല്പാദനവും വിപണവും നിയന്ത്രിക്കുവാൻ ഒരു ചെറുവിരൽപോലും ഭരണകൂടങ്ങൾ എടുക്കാറില്ല. സ്കൂൾ വളപ്പിൽ പോലും ലഹരിയുടെ സുലഭത ഉറപ്പാക്കുന്ന ലഹരിക്കച്ചവടശൃംഖല പ്രബലമാകുമ്പോൾ ലഹരിയുടെ സുലഭമായ ലഭ്യത പല കുട്ടികളെയും ഈ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു.

ആഘോഷ വേളകളിലും, ഉത്സവ ദിനത്തിലും ലഹരി അനിവാര്യമാണ് എന്ന ചിന്ത ശക്തമാകുമ്പോൾ ലഹരിയോടുള്ള ഒളിച്ചും പാത്തുമുള്ള സമീപനങ്ങൾ എല്ലാ മറയും നീക്കി പുറത്തുവരുന്നു. അപ്പനും അമ്മയ്ക്കും കുട്ടികൾക്കും ഒരുമിച്ചിരുന്ന് ആസ്വദിക്കാൻ പറ്റിയ പാനീയമായി ലഹരി മാറ്റപ്പെടുന്നു. ആഘോഷവേളകളിൽ പരസ്യമായി ലഹരി വിളമ്പി സ്റ്റാന്റേർഡ് വർദ്ധിപ്പിക്കുന്നുവരുടെ എണ്ണവും വർദ്ധിക്കുന്നു.

രാഷ്ട്രവികസനത്തിനും, സാമൂഹിക പുരോഗതിക്കും നേതൃത്വം നൽകേണ്ട ഒരു തലമുറയെ നിഷ്ക്രിയരായി, നിസംഗരായി, പ്രതികരണ ശേഷിയില്ലാത്തവരായി, രോഗികളായി, മാനസിക വിഭ്രാന്തിയുള്ളവരായി വളർത്തുന്ന ലഹരിക്ക് എതിരെ സന്ധിയില്ലാ പോരാട്ടങ്ങൾ നമ്മുടെ ഉത്തരവാദിത്വവും കടമയുമാണ്.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

# പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ

## പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവയുമായുള്ള കൂടികാഴ്ചയിൽ വത്തിക്കാനിൽ വെച്ചു ചെയ്ത പ്രസംഗം

പരി. പിതാവെ, ക്രിസ്തുവിൽ പ്രിയ സഹോദരന്മാരെ,

മലങ്കര ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാ ബാവായെയും കൂടെയുള്ള വിശിഷ്ടാംഗങ്ങളെയും സ്വാഗതം ചെയ്യുന്നതിൽ നാം അതിയായി സന്തോഷിക്കുന്നു. നിങ്ങളിലൂടെ, നമ്മുടെ കർത്താവിനെക്കുറിച്ചുള്ള വിശുദ്ധ തോമ്മാശ്ലീഹായുടെ സാക്ഷ്യത്താലും അതിലുപരി സ്വന്തരക്തത്താലും സ്ഥാപിതമായ ഒരു സഭയേയും ഞാൻ അഭിവാദ്യം ചെയ്യുന്നു. ആദിമസഭയിലെ ശിഷ്യന്മാരെ ഒന്നിച്ചു നിർത്തിയ അപ്പോസ്തോലിക സാഹോദര്യം ഇന്നും നമ്മുടെ സഭകളെ യോജിപ്പിക്കുന്നു. ചരിത്രത്തിന്റെ ഗതിയിൽ സംഭവിച്ച പിളർപ്പുകളെ മാറ്റി നിർത്താതെ തന്നെ ചരിത്രത്തിലെ ദുഃഖകരമായ ചില സന്ദർഭങ്ങളിൽ സംഭവിച്ച ഈ വൈരുദ്ധ്യങ്ങളെ, നമ്മുടെ കർത്താവിനോടുള്ള അനുസരണയിൽ നമുക്ക് നേരിടാം. അതിന് നമുക്ക് ദൈവത്തോട് നന്ദിയുള്ളവരായിരിക്കാം.

തോമസ് അപ്പോസ്തോലൻ ഇപ്രകാരം ഉദ്ഘോഷിച്ചു. "എന്റെ കർത്താവും എന്റെ ദൈവവുമേ" (യോഹ. 20:28) ഈ അനുഭവസാക്ഷ്യം സുവിശേഷം രേഖപ്പെടുത്തുന്ന ഏറ്റവും മനോഹരമായ വിശ്വാസപ്രഖ്യാപനമാണ്. ക്രിസ്തുവിന്റെ ദൈവത്വത്തേയും, നമ്മുടെ ജീവിതത്തിൽ അവനുള്ള കർത്തത്വം, തന്റെ ഉയിർത്തെഴുന്നേല്പിനാൽ പാപത്തിന്മേലും മരണത്തിന്മേലും ഉള്ള വിജയം എല്ലാം ഇതിലുൾക്കൊള്ളുന്നു. ഇത് യഥാർത്ഥ സംഭവമാണ്. അതിനാൽ ഉയർത്തെഴുന്നേറ്റ കർത്താവ് തോമ്മാശ്ലീഹായെ ക്ഷണിക്കുന്നു. "എന്റെ ആണിപ്പഴുതുള്ള കൈകളിൽ സ്പർശിക്കുക. എന്റെ വിലാപ്പുറത്തെ മുറിവിൽ നിന്റെ വിരൽ ഇടുക." ഈ സത്യവിശ്വാസമാണ് നമ്മെ കൂട്ടിച്ചേർക്കുന്നത്. ഈ വിശ്വാസമാണ് നമ്മെ ഒന്നാക്കുന്നത്. വിശുദ്ധ മേശയിൽ നമുക്ക് ഒരുമിക്കാനാവുന്നില്ലെങ്കിലും ഈ വിശ്വാസമാണ് സഭാ ഐക്യശ്രമങ്ങളെ തുടരാനും സമ്പൂർണ്ണ വിശുദ്ധ സംസർഗ്ഗത്തിനായുള്ള ശ്രമങ്ങളും സംവാദങ്ങളും മുന്നോട്ട് കൊണ്ടുപോകുവാനും നമ്മെ പ്രേരിപ്പിക്കുന്നത്. അതീവ വാത്സല്യത്തോടെ നാം പരിശുദ്ധ കാതോലിക്കാ ബാവായേയും സംഘത്തേയും സ്വാഗതം ചെയ്യുന്നു. മലങ്കര സഭയിലെ മേല്പട്ടക്കാർ, പട്ടക്കാർ, വിശ്വാസികൾ എന്നിവരോടുള്ള നമ്മുടെ ഹൃദയംഗമായ ആശംസകൾ ദയവായി അവരെ അറിയിക്കുക. നിങ്ങൾ സന്ദർശിക്കുന്ന യൂറോപ്പിലെ മറ്റ് സമുദായാംഗങ്ങൾക്കും നാം സ്നേഹാദരങ്ങൾ നേരുന്നു.

മുപ്പത് വർഷങ്ങൾക്കു മുമ്പ് 1983 ജൂൺ മാസത്തിൽ മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ നമ്മുടെ ശ്രേഷ്ഠ മുൻഗാമിയായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായെയും റോമാ സഭയേയും സന്ദർശിച്ചു. അവർ രണ്ടുപേരും ഒന്നായി ക്രിസ്തുവിലുള്ള പൊതുവിശ്വാസം അംഗീകരിച്ചു. പിന്നീട് കോട്ടയത്തുള്ള മാർ ഏലിയാ കത്തീഡ്രലിൽ വെച്ച് 1986 ഫെബ്രുവരി മാസത്തിൽ ഇന്ത്യയിലേക്കുള്ള മാർപ്പാപ്പായുടെ സന്ദർശനവേളയിൽ അവർ വീണ്ടും കണ്ടു. ആ അവസരത്തിൽ ജോൺ പോൾ രണ്ടാമൻ ഇപ്രകാരം പറഞ്ഞു. "നമ്മുടെ ഇരുസഭകളും വളരെ പെട്ടെന്നു തന്നെ നാം അഭിമുഖീകരിക്കുന്ന കൗദാശിക പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുമെന്നും നാം സാഹോദര്യത്തിലും ദൈവശാസ്ത്ര ചർച്ചകളിലും മുന്നേറുമെന്നും അങ്ങയോടൊപ്പം നാമും പ്രത്യാശിക്കുന്നു. കാരണം ഇതൊന്നു കൊണ്ടു മാത്രമേ ക്രിസ്ത്യാനികൾ തമ്മിലുള്ള അനുരഞ്ജനവും ലോകത്തിന്റെ ഏകീകരണവും സാദ്ധ്യമാവുകയുള്ളു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപനത്തോടെ ഈ ലക്ഷ്യത്തിൽ കത്തോലിക്കാ സഭ പൂർണ്ണമായും ഭാഗഭാക്കാവുകയാണ്." ഈ ചർച്ചകളിലൂടെ ഒരു ഉഭയകക്ഷി കമ്മീഷൻ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനഫലമായി 1990 ലെ പെന്തിക്കോസ്തി പെരുന്നാൾ ദിനത്തിൽ ഒരു ധാരണാ



പത്രം പുറപ്പെടുവിച്ചു. ഈ കമ്മീഷൻ ഇപ്പോഴും അതിന്റെ പ്രധാന പ്രവർത്തികൾ തുടരുന്നു. ആരാധനാലയങ്ങളുടെയും സെമിത്തേരികളുടെയും പൊതുവായ ഉപയോഗം ആത്മീയവും ആരാധനാപരവുമായ വസ്തുക്കളുടെ പരസ്പര കൈമാറൽ, വളർന്നുവരുന്ന സാമൂഹ്യവും മതപരവുമായ വെല്ലുവിളികളെ നേരിടാനുള്ള സഹകരണം എന്നീ മേഖലകളിൽ സുപ്രധാന കാൽവെയ്പുകൾ ഇതിനാൽ സാധ്യമായി.

കഴിഞ്ഞ മുപ്പതു വർഷമായ് വളർന്നു വരുന്ന നമ്മുടെ ഐക്യത്തിന്റെ വിവിധ പടികൾ അനുസ്മരിക്കാൻ നാം ആഗ്രഹിക്കുന്നു. എന്തെന്നാൽ സഭാ ഐക്യ പ്രസ്ഥാനങ്ങളിൽ മുൻവിധികളും അടഞ്ഞ മനോഭാവവും മാറ്റിവച്ച് കാര്യങ്ങളെ പരസ്പര വിശ്വാസത്തോടെ കാണേണ്ടതാണ്. സംഘർഷ സംസ്ക്കാരം മാറ്റിവച്ച് സംവാദ സംസ്ക്കാരം സ്വീകരിക്കാം. അത് നമ്മെ പരസ്പരം മനസ്സിലാക്കാനും ഐക്യത്തിലേക്ക് അടുത്തുവരുവാനും ഇടയാക്കും. എന്നാൽ ഇത് ഏകപക്ഷീയമായി സാദ്ധ്യമല്ല. നമ്മുടെ ദൗർബല്യങ്ങളും ദാരിദ്ര്യവും ഈ പുരോഗതിയെ മന്ദമാക്കുന്നു. ഈ കാരണത്താൽ നാം കൂടുതലായി പ്രാർത്ഥിക്കേണം. പരിശുദ്ധാത്മാവിനു മാത്രമേ തന്റെ കരുണയാലും കൃപയാലും പ്രകാശത്താലും സ്നേഹത്താലും നമ്മുടെ ശീതവാനായ അവസ്ഥയെ ഉരുക്കിക്കളയാനും മഹത്തായ സാഹോദര്യ ബന്ധത്തിലേക്ക് നമ്മുടെ കാലടികളെ നയിക്കാനും കഴിയൂ. തോമാശ്ലീഹായുടെ സാക്ഷ്യത്തിൽ പിറന്ന വിവിധ ക്രിസ്ത്യൻ സഭകളിലെ വൈദികരുടെയും വിശ്വാസികളുടെയും ഇടയിൽ സൗഹൃദവും സഹകരണവും വളരുവാൻ പ്രാർത്ഥനയും പ്രതിബദ്ധതയും ആവശ്യമാണ്. നമ്മുടെ ഭൂതകാലത്തിലെ വിഭാഗീതയുടെ യും ശത്രുതയുടെയും കാരണങ്ങളെ അതിജീവിച്ച് അനുരഞ്ജനത്തിലേക്കും സമാധാനത്തിലേക്കും പരിശുദ്ധാത്മാവ് നമ്മെ പ്രകാശിപ്പിക്കുകയും വഴികാട്ടുകയും ചെയ്യട്ടെ. ശ്രേഷ്ഠ പിതാവേ, ദൈവത്തിന്റെ സഹായത്താൽ നമുക്ക് ഒന്നു ചേർന്ന് മുന്നോട്ട് നടക്കാം. പരസ്പര വിശ്വാസത്തോടെ നാം ക്രിസ്തുവിന്റെ ബലിപീഠത്തിൽ, വിശുദ്ധ ബലിയുടെ സമ്പൂർണ്ണതയിൽ ഒന്നായി ചേരുന്ന ദിവസത്തെ മുൻകണ്ടു കൊണ്ട് നമുക്ക് ഒത്തുചേർന്ന് മുന്നോട്ട് നടക്കാം.

വൈദീക പരിപാലനത്തിനായി നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ആട്ടിൻപറ്റങ്ങളെ പത്രോസ് ശ്ലീഹായുടെയും തോമ്മാശ്ലീഹായുടെയും സംരക്ഷയ്ക്കായി നമുക്കേല്പിച്ച് പരസ്പരം പ്രാർത്ഥിക്കാം. സുവിശേഷത്തിനുവേണ്ടി ഒന്നിച്ച് പ്രവർത്തിച്ച എല്ലാവരും നമുക്കായി മദ്ധ്യസ്ഥരാവുകയും നമ്മുടെ സഭകളുടെ ഈ യാത്രയിൽ പങ്കുചേരുകയും ചെയ്യുമാറാകട്ടെ.

# പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് II കാതോലിക്കാ ബാവ

## പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുമായുള്ള കൂടികാഴ്ചയിൽ വത്തിക്കാനിൽ വെച്ചു ചെയ്ത പ്രസംഗം

ക്രിസ്തുവിൽ അഭിവന്ദ്യ സഹോദരനായ പരിശുദ്ധ പിതാവേ,

ത്രിയേക ദൈവത്തിന് സ്തുതിയും മഹത്വവും ഉണ്ടാകട്ടെ. മലങ്കര ഓർത്തഡോക്സ് സഭയിലെ മേൽപ്പട്ടക്കാരുടെയും വിശ്വാസികളുടെയും നാമത്തിൽ എന്റെ വിനീത സ്നേഹവന്ദനം. അനുഗ്രഹീതമായ സ്ഥാനാരോഹണത്തിന്റെ ആദ്യവർഷം തന്നെ, അപ്പോസ്തോലന്മാരായ വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും രക്തസാക്ഷിത്വം കൊണ്ട് ധന്യമാക്കപ്പെട്ട ഈ നിത്യനഗരത്തിൽവെച്ച് നാം തമ്മിൽ കാണുവാൻ ഇടയായതിൽ നാം ദൈവത്തിന് നന്ദി കരേറ്റുന്നു. അങ്ങയുടെ ആലോചനാമൃതമായ വാക്കുകളിലും നല്ല ഇടയനായ യേശുക്രിസ്തുവിന്റെ ദൈവികശുശ്രൂഷയിലും എല്ലാ രാജ്യങ്ങളിലുമുള്ള സുമനസ്സുകൾ ആഹ്ലാദിക്കുന്നു.

വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമായ കാതോലിക്കാ സിംഹാസനത്തിന്റെ ശ്രേഷ്ഠമുൻഗാമിയായ പരിശുദ്ധ ഔഗേൻ പ്രഥമൻ കതോലിക്കാ ബാവാ 1964 ൽ ബോംബെയിൽ വെച്ച് പോൾ ആറാമൻ മാർപ്പാപ്പയെ സന്ദർശിച്ചു. പരിശുദ്ധ മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ റോമിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പായെ കാണുകയും പിന്നീട് 1986 ൽ കോട്ടയത്ത് മാർ ഏലിയാ കത്തീഡ്രലിൽ പരിശുദ്ധ പിതാവിനെ




സ്വീകരിക്കുയും ചെയ്തു. ആ സമയം മുതൽ തന്നെ റോമൻ കത്തോലിക്കാ സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഉഭയകക്ഷി ചർച്ച കൾ, ഇരുസഭകളിലെയും പിതാക്കന്മാ രുടെ അനുഗ്രഹാശ്ശിസുകളോടെ തുട രുന്നു.

രണ്ടാം വത്തിക്കാൻ സുന്നഹദോസു മുതൽ തുടരുന്ന ഈ പ്രക്രിയ യിൽ, മലങ്കര സഭാ പ്രതിനിധികളുടെ സാന്നിദ്ധ്യം ഇരുസഭകളുടെയും പര സ്പര വിശ്വാസത്തിന് അതീവ പ്രാധാന്യം ഉള്ളതാണ്. രണ്ടാം വത്തി ക്കാൻ കൗൺസിലിൽ ഫാദർ കെ. ഫിലിപ്പോസ് (പിന്നീട് മാർ തെയോഫി ലോസ് മെത്രാപ്പോലീത്താ), ഫാദർ പോൾ വറുഗീസ് (പിന്നീട് മാർ ഗ്രിഗോ റിയോസ് മെത്രാപ്പോലീത്താ) ഡോ. സി.റ്റി. ഈപ്പൻ എന്നിവർ 'നിരീക്ഷകർ' ആയി പങ്കെടുത്തു. ഫാദർ കെ.എം. ജോർജ്ജ് 'സഹോദരീ സഭാ' പ്രതിനി ധിയായി 1998 ലെ ഏഷ്യയിലെ മേൽപ്പ ട്ടക്കാരുടെ 'സഹസ്രാബ്ദ സുന്നഹദോ സിലും 2008 ൽ വത്തിക്കാനിൽ വെച്ചു നടന്ന മേൽപ്പട്ടസുന്നഹദോസിലും പങ്കെടുക്കുകയുണ്ടായി. ലോക ക്രിസ്ത്യൻ കൗൺസിലിന്റെ വിവിധ കമ്മീഷനുകളിൽ കത്തോലിക്കാ സഭ യുമായി ആശയവിനിമയം നടത്തിപ്പോ രുന്നു.

പരിശുദ്ധ പിതാവേ,

വിശുദ്ധ മാർത്തോമ്മാ ശ്ലീഹാ യുടെ അപ്പോസ്തോലിക പിന്തു ടർച്ചയെ വിശ്വാസപൂർവ്വം പിൻപറ്റുന്ന മലങ്കര ഓർത്തഡോക്സ് സഭ, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ തിരുഹിത പ്രകാരം എല്ലാ ക്രിസ്തീയ സഭകളുടെയും ഐക്യത്തിനായി നിലകൊള്ളുന്നു. മാർത്തോമ്മാ പൈതൃകം ഉള്ള എല്ലാ ക്രിസ്ത്യാനികളും ഒന്നാകേണം എന്ന ഒരു പ്രത്യേക സ്വപ്നം എനിക്കുണ്ട്. സാധ്യമായതും പ്രായോഗികവുമായ എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് സാധുക്കളും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങളിൽ സഹോ



ദരീ സഭകളുമായി സഹകരിക്കുവാൻ ഞങ്ങൾ സന്നദ്ധരാണ്. പതിനാറാം നൂറ്റാണ്ടിൽ ഉണ്ടായ ദൗർഭാഗ്യകരമായ പിളർപ്പിനു മുമ്പുണ്ടായിരുന്ന പൊതുപാരമ്പര്യത്തിൽ ഇന്നുള്ള കൗദാശിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ഈ അവസരത്തിൽ ക്രിസ്തീയ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ വിലയേറിയ സംഭാവനകളെ നാം അനുസ്മരിക്കുകയാണ്. പരസ്പര സന്ദർശനങ്ങൾ, ദൈവ ശാസ്ത്ര ചർച്ചകൾ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ എന്നിവയിലൂടെയും സർവ്വോപരി ഭാരതസഭയുടെ ഓർത്ത ഡോക്സ് പാരമ്പര്യം അംഗീകരിച്ചുമുള്ള കൗൺസിലിന്റെ പ്രവർത്തനങ്ങൾ ക്രിസ്തീയ സ്നേഹത്തിലും പരസ്പര വിശ്വാ സത്തിലും മുമ്പോട്ടുപോകുവാൻ നമ്മെ സഹായിക്കുന്നു.

ക്രിസ്ത്യാനികൾ ഇന്ത്യയിലും ഏഷ്യയിൽ തന്നെയും ന്യൂനപക്ഷമാണ്. എങ്കിലും ജീവൻ നൽകുന്ന ക്രിസ്തുവിന്റെ സുവിശേഷത്തിന് സാക്ഷികളാകുവാൻ നമുക്ക് കടമയുണ്ട്. ദരി ദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ഉദ്ധാരണം, ശാന്തി, സമാധാനം, നീതി, എന്നിവ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യ മാക്കുക, മഹത്തായ ഭാരതീയ പാരമ്പര്യത്തെയും പൈതൃക ത്തെയും മനസ്സിലാക്കുക എന്നീ കാര്യങ്ങളിൽ കത്തോലിക്കാ – ഓർത്തഡോക്സ് സഭകളുടെ സ്നേഹബന്ധത്തിന് ഫലപ്ര ദമായി പ്രവർത്തിക്കുവാൻ കഴിയും.

ക്രിസ്തുവിൽ എന്റെ ശ്രേഷ്ഠ സഹോദരാ,

അങ്ങയുടെ ലോകസമാധാനത്തിനായുള്ള കഠിന പ്രാർത്ഥനകളിൽ നാമും പങ്കുചേരുന്നു. പ്രത്യേകിച്ചും സിറിയ മധ്യപൂർവ്വ രാജ്യങ്ങൾ, ഏഷ്യാ എന്നിവിടങ്ങളിൽ. അതിയായ സന്തോഷത്തോടും പ്രത്യാശയോടും അങ്ങയെ നാം ഇന്ത്യാ സന്ദർശനത്തിന് ക്ഷണിക്കുന്നു. അങ്ങയുടെ അനുഗ്രഹീതമായ ശുശ്രൂഷകൾ നമ്മുടെ സഭകളുടെ പ്രവർത്തനങ്ങളെ പരിശു ദ്ധാത്മാവിന്റെ ശക്തിയാൽ പ്രശോഭിപ്പിക്കട്ടെ. അങ്ങിനെ മാന വരാശിക്കാകെ പുത്തൻ പ്രതീക്ഷകൾ പ്രദാനം ചെയ്യട്ടെ.

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യദൈവ ത്തിന് സ്തുതിയും മഹത്വവും ഇന്നും എന്നേക്കുംതന്നെ. ആമ്മേൻ



# വിജയക്കൊടി

**ഫാ. സഖറിയാ പനയ്ക്കാമറ്റം**

**ശുഭ ചിഹ്നം താൻ സ്ലീബാ**
**വിജയക്കൊടി താൻ സ്ലീബാ**
**നമ്മെ രക്ഷിച്ചീടും**
**സ്ലീബായിൽ പുകഴുന്നു നാം**
**(വെള്ളി പ്രഭാത നമസ്ക്കാരം)**

'സ്ലേബ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'തൂക്കപ്പെട്ടവൻ' എന്നാണ്. അതിനാൽ കുരിശ് എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന സ്ലീബാ തുക്കപ്പെട്ടവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

"സ്ലീബാ സമാധാനത്തിന്റെ അടയാളമാകുന്നു. സ്ലീബാ ജയത്തിന്റെ കൊടിയാകുന്നു. സ്ലീബായിൽ നാം രക്ഷപെട്ടിരിക്കുന്നു. സ്ലീബായിൽ നാമെല്ലാവരും അഭിമാനിക്കുകയും ചെയ്യുന്നു."

വിവാഹ കൂദാശയിൽ കിരീട വാഴ്വിനെ തുടർന്ന് മണവാളൻ മണവാട്ടിയുടെ കഴുത്തിൽ മിന്ന് കെട്ടുന്ന വേളയിലും ചൊല്ലുന്ന ഗീതമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്. 'മിന്നുകെട്ട്' ഭാരതസംസ്ക്കാരത്തിന്റെ ഭാഗമായിട്ടാണ് നടത്തുന്നതെങ്കിലും, ആ സമയം ചൊല്ലുന്ന ഗീതം നൂറ്റാണ്ടുകളായി സുറിയാനി ഭാഷയിൽ ഉപയോഗിച്ചുകൊണ്ടിരുന്ന വെള്ളിയാഴ്ച പ്രഭാത നമസ്ക്കാരത്തിലെ ആരംഭ ഗീതമാണ്.

**ദേവാലയത്തിലെ പ്രതീകങ്ങൾ:**

അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെ കുറിക്കുന്ന ദൃശ്യവും ഭൗതീകവുമായ ഒന്നാണ് പ്രതീകം. അത് ഒരു വസ്തുവോ, ചിത്രമോ, രൂപമോ, കർമ്മമോ ആകാം. മതങ്ങൾക്കും, രാജ്യങ്ങൾക്കും, സ്ഥാപനങ്ങൾക്കും സംഘടനകൾക്കും എല്ലാം അതിന്റേതായ പ്രത്യേക ചിഹ്നങ്ങളോ മുദ്രകളോ ഉണ്ട്. പ്രസ്തുത ചിഹ്നങ്ങളും മുദ്രകളും ആന്തരീകമായതും ആഴമേറിയതുമായ തത്വങ്ങൾ അടിസ്ഥാനപ്പെടുത്തി പ്രതീകാത്മകമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാണ്. അവയൊക്കെയും അതാതിന്റെ ലക്ഷ്യങ്ങളെ വിളിച്ചറിയിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന് 'അശോകസ്തംഭം' ഭാരത്തിന്റെ ദേശീയ മുദ്രയത്രെ. ഭാരതത്തിന്റെ ഭരണഘടനാ സമിതി 'അശോകസ്തംഭം' ദേശീയ മുദ്രയായി അംഗീകരിച്ചത് 1950 ജനുവരി 26 ന് ആണ്. ശ്രീബുദ്ധൻ ആദ്യമായി സാരോപദേശം നൽകിയ സ്ഥലമായ സാരനാഥിൽ അശോക ചക്രവർത്തി പണി കഴിപ്പിച്ച സ്തൂപത്തിൽ നിന്നും പകർത്തിയതാണ് ഭാരതത്തിന്റെ ദേശീയ മുദ്രയായി ഔദ്യോഗിക രേഖകളിലും,

കറൻസികളിലും, നാണയങ്ങളിലും ഉപയോഗിക്കുന്ന മുദ്ര. സാരനാഥിലെ അശോകസ്തംഭത്തിലെ സിംഹമുദ്രയാണ് ഭാരതത്തിന്റെ ദേശീയ ചിഹ്നം. അശോക ചക്രത്തിൽ കാണുന്ന 24 ആരക്കാലുകൾ ശ്രീബുദ്ധന്റെ ജീവിതത്തിലെ 24 തത്വങ്ങളോട് ഉപമിച്ചിരിക്കുന്നു. ദേശീയ ചിഹ്നത്തിൽ കാണുന്ന സിംഹങ്ങൾ ജാഗ്രതയോടെ സ്വയസംരക്ഷണം നൽകുന്ന ശ്രീബുദ്ധന്റെ ജീവിതത്തേയും, കാള ഉപജീവനത്തിനായി മനുഷ്യനോടൊപ്പം ക്ലേശം അനുഭവിക്കുന്ന ത്യാഗത്തേയും, കുതിര ഊർജ്ജസ്വലതയോടുകൂടി മുമ്പോട്ടുള്ള ഗമനത്തെയും സൂചിപ്പിക്കുകയാണ്. കപില വസ്തുവിലെ രാജധാനിയുടെ പ്രതാപവും സുഖവും വിട്ട് ഇറങ്ങിയ ശ്രീബുദ്ധൻ ഭാരത ചരിത്രത്തിലെ ഒരു സൂര്യ തേജസ്സായിരുന്നു.

ദീർഘമായ ഒരു പ്രബോധനത്തേക്കാൾ ഒരു കുരിശിന്റെ രൂപം ശ്രദ്ധയോടെ കാണുന്ന വിശ്വാസിയുടെ മനസ്സിൽ ക്രിസ്തുവിന്റെ ജീവിതവും കുരിശിലൂടെ ലഭ്യമായ രക്ഷയുടെ ധ്യാനവുമാണ് കടന്നു വരുന്നത്.

**ആരാധനയിൽ സ്ലീബായുടെ സാന്നിദ്ധ്യം :-**

'സ്ലേബ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥം 'തൂക്കപ്പെട്ടവൻ' എന്നാണ്. അതിനാൽ കുരിശ് എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന സ്ലീബാ തൂക്കപ്പെട്ടവനായ ക്രിസ്തുവിനെ സൂചിപ്പിക്കുന്നു. "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന്, യേശുവിന്റെ മരണം എപ്പോഴും ശരീരത്തിൽ വസിക്കുന്നു.'' (2 കോരിന്ത്യർ 4:10) എന്ന് വി. പൗലോസ് ശ്ലീഹാ ഓർപ്പിക്കുന്നു.

ക്രിസ്തുവിന്റെ മരണശേഷം തന്നെ രക്ഷിതാവായി സ്വീകരിക്കുന്ന എല്ലാ വിശ്വാസികളും മരണത്തിന്റെയും ദൃശ്യവും അദൃശ്യവുമായ എല്ലാ പൈശാചിക ശക്തികളുടെയും മേലുള്ള വിജയത്തിന്റെ പ്രതീകമായി സ്ലീബായെ ആദരിക്കുന്നു.

എപ്പിസ്കോപ്പൽ സഭകളുടെ ആരാധനയിൽ കുരിശിന് വളരെ പ്രധാനമായ സ്ഥാനമുണ്ട്. നമസ്ക്കരിക്കുമ്പോൾ കുരിശു വരയ്ക്കുന്നു. വി. ത്രോണോസിന്മേലും ശുശ്രൂഷകൾ നടത്തുന്ന സ്ഥലങ്ങളിലും കുരിശുവരയ്ക്കുകയും പ്രദക്ഷിണങ്ങളിൽ ആദരിക്കുകയും മേല്പട്ടക്കാർ രക്ഷയുടെ പരിചയായി കൈയ്യിൽ കരുതുകയും പ്രധാന പെരുന്നാളുകളിൽ സ്ലീബാ ആഘോഷം നടത്തുകയും ചെയ്യുന്ന പതിവും പ്രധാന സഭകളിലെല്ലാമുണ്ട്. ഏഴാം നൂറ്റാണ്ടിൽ കുസ്തന്തിനോസ്പോലീസിൽ രചിക്കപ്പെട്ട 'ക്രോണിക്കോൺ പാസ്ക്കലി'' (Chronicon Paschali) എന്ന കൃതിയിൽ ക്രിസ്തുവിന്റെ കുരിശ് എ.ഡി. 320 സെപ്റ്റംബർ 14-ാം തീയതി കണ്ടെടുത്തു എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ലീബാ കണ്ടെടുത്തു എന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ലീബാ കണ്ടെടുത്ത സെപ്റ്റംബർ 14 ഒരു പ്രധാന മോറാനായ പെരുന്നാളായി സഭ ആചരിക്കുന്നു.

**സ്ലീബാ - ധ്യാനിക്കേണ്ട ദൈവമഹത്വം:-**

വിശ്വാസ സ്മാരകങ്ങൾ നാം ഓർക്കുന്നുണ്ടെങ്കിലും അതിന്റെ സൃഷ്ടിയുടെ പിന്നിലെ ശക്തിയേ നാം വിസ്മരിക്കുന്നു. അനേകായിരം ജനങ്ങൾ ഒന്നു ചേർന്നാണ് വിശ്വസ്മാരകങ്ങൾ പടുത്തുയർത്തിയിട്ടുള്ളത്. ആ കരങ്ങളുടെ കലാവിരുതുകൾ വിസ്മൃതിയിൽ ലയിച്ചുപോയി എങ്കിലും അവ ദർശിക്കുമ്പോൾ ആ കാലവിരുതുകൾ നൽകിയ ദൈവത്തിന്റെ മഹത്വം വിളിച്ചറിയിച്ചു കൊണ്ടിരിക്കുകയാണ്. ദൈവരാജ്യത്തിന്റെ മഹത്വം വിളിച്ചറിയിച്ചു കൊണ്ടിരിക്കുകയാണ്. ദൈവരാജ്യത്തിന്റെ പാതയിലായിരിക്കുന്നവർ സ്ലീബായോടുള്ള ബന്ധത്തിൽ മറ്റുള്ളവരോടു ക്ഷമിക്കുന്നവരും, ശപിക്കുന്നവരെ അനുഗ്രഹിക്കുന്നവരും, ഉപദ്രവിക്കുന്നവർക്കായി പ്രാർത്ഥിക്കുന്നവരും, സഹോദരങ്ങളെ സ്നേഹിക്കുന്നവരുമായി ദൈവ മഹത്വത്തിന്റെ പങ്കുകാരായിത്തീരുകയാണ്.

## അനുമോദനം



ഉമയാറ്റുകര : മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ 2013 മാർച്ച് മാസം നടത്തപ്പെട്ട ബി.ഫാം പരീക്ഷയിൽ ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളി ഇടവകാംഗവും പുഷ്പഗിരി കോളേജ് ഓഫ് ഫാർമസി വിദ്യാർത്ഥിനിയുമായ കടക്കിലേത്ത് കുമാരി റെയ്നാ ഗ്രേസി ജോൺ മൂന്നാം റാങ്ക് കരസ്ഥമാക്കി. വി. കുർബ്ബാനാന്തരം ചേർന്ന അനുമോദന സമ്മേളനത്തിൽ വികാരി ഫാ. ഫിലിപ്പ് ജേക്കബ് മൂലമണ്ണിൽ അദ്ധ്യക്ഷത വഹിയ്ക്കുകയും ഇടവകയുടെ ഉപഹാരം സമർപ്പിക്കുകയും ചെയ്തു. ഭദ്രാസന കൗൺസിൽ അംഗം നിഥിൻ എ. ചെറിയാൻ, ഇടവക ഭരണസമിതി അംഗം സജി വർഗീസ് പാറപ്പുറം എന്നിവർ പ്രസംഗിച്ചു. ട്രസ്റ്റി ജോൺ ഏബ്രഹാം സ്വാഗതം ആശംസിക്കുകയും സെക്രട്ടറി റജി വർഗീസ് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. കുമാരി റെയ്നാ ഗ്രേസി ജോൺ മറുപടി പറഞ്ഞു.

വചനപരിച്ഛേദം

# പാപം കടന്നുവരുന്ന വഴികൾ

ഫാ. പി.വി. ജോൺ

ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും ഇരുനൂറു ശേക്കൽ വെള്ളിയും അൻപത് ശേക്കൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, എടുത്തു, അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു' എന്നു പറഞ്ഞു. (യോശുവ 7:21)

ആഖാന്റെ പാപവും പാപം വന്നു ചേർന്ന വഴികളും കണ്ടുപിടിക്കപ്പെട്ടു കഴിഞ്ഞപ്പോൾ; ജനത്തിന്റെ മുമ്പാകെ ഈ വാക്യത്തിൽ നാം വായിക്കുന്നത്. യഹോവയുടെ കല്പന ലംഘിച്ച് ലൗകിക മോഹങ്ങളിൽ കുടുങ്ങി ശപഥാർപ്പിത വസ്തുക്കൾ മോഷ്ടിച്ച് ഒളിച്ചുവച്ചതാണ് ആഖാന്റെ പാപം. പാപം വന്ന വഴിയെക്കുറിച്ച് ആഖാൻ തന്നെ ഇവിടെ വ്യക്തമായി പറയുന്നു. എടുക്കാൻ പാടില്ലാത്ത വിശേഷമായ ബാബിലോന്യ മേലങ്കിയും വെള്ളിയും സ്വർണ്ണവും കണ്ടു, മോഹിച്ചു, എടുത്തു, ഒളിച്ചുവച്ചു. കണ്ടതാണ് പാപത്തിലേക്കുള്ള ആദ്യപടി. കാഴ്ച മോഹത്തിലേക്കും മോഹം തെറ്റായ പ്രവൃത്തിയിലേക്കും ആഖാനെ നയിക്കുന്നു. ഒരു വ്യക്തിയുടെ പാപം അവനെ മാത്രമല്ല, അവന്റെ കുടുംബത്തെയും സമൂഹത്തെയും എങ്ങനെ ബാധിക്കുന്നുവെന്നും സംഭവം നമ്മെ പഠിപ്പിക്കുന്നു.

> എല്ലാം കാണുകയും തിരിച്ചറിയുകയും ചെയ്യുന്ന സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തിന്റെ മുമ്പിൽ ഒന്നും മറവായിരിക്കയില്ല...

യോശുവയുടെ നേതൃത്വത്തിൽ കനാനിലേക്കുള്ള യാത്ര പുനരാരംഭിച്ച യിസ്രായേൽക്കാർ തങ്ങളെത്തന്നെ ശുദ്ധീകരിക്കുകയും പരിച്ഛേദന ഏല്ക്കുകയും ചെയ്തു. യഹോവ അവർക്കു യോർദ്ദാനിൽ പാത ഒരുക്കുകയും, യരീഹോ മതിൽ തകർത്ത് യരീഹോ പട്ടണം അവരുടെ കൈയ്യിൽ ഏല്പിക്കുകയും ചെയ്തു. ഈ സംഭവങ്ങൾ അവരിൽ യഹോവയുടെ കരുതലിലും നടത്തിപ്പിലും ഉള്ള വിശ്വാസം വർദ്ധിപ്പിച്ചു. അത് അവരുടെ ആത്മവിശ്വാസം തട്ടിയുണർത്തിയതോടൊപ്പം അല്പം അഹന്തയും ഉളവാക്കിയെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. പിന്നീടുള്ള സംഭവങ്ങൾ അത് സൂചിപ്പിക്കുന്നു. നിസ്സാരമെന്ന് കരുതിയ ഹായി ദേശക്കാരുടെ മുൻപിൽ യിസ്രായേൽ പരാജയപ്പെട്ടു. അത് അവരിൽ ഭയവും ദുഃഖവും ഉളവാക്കി. അതിന് വഴി തെളിച്ചത് ആഖാന്റെ പാപം ആണ്. ആഖാന്റെ പാപവും അതിന്റെ പരിണിത ഫലവും എന്തെന്ന് കാണുമ്പോൾ മാത്രമേ അതിന്റെ ഗൗരവം തിരിച്ചറിയുകയുള്ളൂ. ശപഥാർപ്പിത വസ്തുക്കൾ എടുത്തുവെന്നതാണ് ആഖാന്റെ

പാപം. യഹോവയായ ദൈവം യരീഹോ പട്ടണം അവരുടെ കൈയ്യിൽ ഏല്പിച്ചുകൊണ്ട് അരുളിച്ചെയ്തു. യോശുവ: 6:17–19 'ഈ പട്ടണവും അതിലുള്ളതൊക്കെയും യഹോവയ്ക്കു ശപഥാർപ്പിതമായിരിക്കുന്നു.... എന്നാൽ നിങ്ങൾ ശപഥം ചെയ്തിരിക്കെ ശപഥാർപ്പിതത്തിൽ വല്ലതും എടുത്തിട്ട് യിസ്രായേൽ പാളയത്തിന് ശാപവും അനർത്ഥവും വരുത്താതിരിക്കേണ്ടതിന് ശപഥാർപ്പിത വസ്തുവൊന്നും തൊടിതിരിപ്പാൻ സൂക്ഷിച്ചുകൊൾവീൻ. വെള്ളിയും പൊന്നും ഒക്കെയും ചെമ്പും ഇരുമ്പും കൊണ്ടുള്ള പാത്രങ്ങളും യഹോവയ്ക്ക് വിശുദ്ധം. അവ യഹോവയുടെ ഭണ്ഡാരത്തിൽ ചേരേണം. "ശത്രുസംഹാരം കെട്ടുറപ്പുള്ള ഒരു സമൂഹമായി വളരുന്നതിന് അനുപേക്ഷണീയമാണ്. എന്നാൽ അത് അന്യന്റെ സ്വത്ത് അപഹരിച്ചെടുക്കുവാനുള്ളതല്ല. ശത്രുവിനെ പരാജയപ്പെടുത്തി അവന്റെ സ്വത്ത് കൈവശമാക്കുമ്പോൾ, സ്വത്തിലുള്ള മോഹം വർദ്ധിക്കുകയും സമ്പത്തിനുവേണ്ടി അന്യനെ ആക്രമിക്കുവാൻ തയ്യാറാകുകയും ചെയ്യും. അതുകൊണ്ടു തന്നെ ശത്രുവിന്റെ വിലപിടിപ്പുള്ള വസ്തുക്കൾ തങ്ങൾക്ക് അവകാശപ്പെട്ടതല്ല എന്ന ബോധമുളവാക്കുവാനായിട്ടാണ് അവ ശപഥാർപ്പിത വസ്തുക്കളായി വേർതിരിക്കുന്നത്. യഹോവയുടെ കല്പനപ്രകാരം യിസ്രായേൽ ജനം യരീഹോ പട്ടണം സമൂലം നശിപ്പിച്ചു. വെള്ളിയും പൊന്നും ചെമ്പും ഇരുമ്പും പാത്രങ്ങളും യഹോവയുടെ ഭണ്ഡാരത്തിൽ അർപ്പിച്ചു. എന്നാൽ ശപഥാർപ്പിത വസ്തുക്കളുടെ ഉദ്ദേശം മനസ്സിലാക്കാതെ യഹോവയുടെ കല്പന ലംഘിച്ച് ആഖാൻ ശപഥാർപ്പിത വസ്തുക്കളിൽ ചിലത് എടുത്ത് തന്റെ കൂടാരത്തിൽ ഒളിപ്പിച്ചു വച്ചു. ആരും കണ്ടില്ല; അറിഞ്ഞുമില്ല, ഇനി ആരും അറിയുകയുമില്ല എന്നു കരുതി അവൻ ആശ്വസിച്ചു. രഹസ്യമായി ചെയ്യുന്ന പാപങ്ങളിൽ എല്ലാം മനുഷ്യന്റെ മനോഭാവം ഇങ്ങനെ തന്നെയാണ്.

എല്ലാം കാണുകയും തിരിച്ചറിയുകയും ചെയ്യുന്ന സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തിന്റെ മുമ്പിൽ ഒന്നും മറവായിരിക്കയില്ല എന്ന സത്യം ആഖാൻ തിരിച്ചറിഞ്ഞില്ല. ആഖാൻ യഹോവയ്ക്ക് അനിഷ്ഠമായത് ചെയ്തതുകൊണ്ട് യഹോവയുടെ കോപം യിസ്രായേൽ ജനത്തിന്റെ നേരെ തിരിഞ്ഞു. ശപഥാർപ്പിതത്തിൽ വല്ലതും എടുത്താൽ യിസ്രായേൽ പാളയത്തിൽ ശാപവും അനർത്ഥവും വരുത്തുമെന്ന് യഹോവ മുൻകൂട്ടി പറഞ്ഞിരുന്നു. ഒരു തോൽവിയുടെ രൂപത്തിൽ ശാപവും അനർത്ഥവും യിസ്രായേൽ പാളയത്തിലേക്ക് കടന്നുവന്നു. യരീഹോ പട്ടണം പിടിച്ചടക്കിയ ആത്മവിശ്വാസത്തോടെ ഹായി പട്ടണത്തെ ഒറ്റു നോക്കുവാൻ ചിലരെ യോശുവ നിയോഗിച്ചു. ഒറ്റു നോക്കുവാൻ പോയവർ മടങ്ങിവന്ന് യോശുവയോടു പറഞ്ഞു. ജനം എല്ലാം പോകണമെന്നില്ല. രണ്ടായിരമോ മൂവായിരമോ പേർ പോയാൽ മതി. സർവ്വ ജനത്തേയും കഷ്ടപ്പെടുത്തേണ്ട. അവർ ആൾ ചുരുക്കമുള്ളവരത്രെ. അവരുടെ വാക്കുകൾക്കനുസരണമായി മൂവായിരം പേർ ഹായി പട്ടണത്തിലേക്ക് പോയി. അപ്രതീക്ഷിതമായതു സംഭവിച്ചു. അവർ ഹായി പട്ടണക്കാരുടെ മുൻപിൽ തോറ്റോടി. മുപ്പത്തിയാറോളം പേരെ അവർ കൊന്നു. ജനത്തിന്റെ ഹൃദയം ഉരുകി. യോശുവ വസ്ത്രം കീറി യഹോവയുടെ പെട്ടകത്തിന്റെ മുൻപിൽ സാഷ്ടാംഗം വീണു കിടന്നു നിലവിളിച്ചു. യഹോവ യോശുവയോട് അരുളിച്ചെയ്തു. "എഴുന്നേൽക്ക; നീ ഇങ്ങനെ സാഷ്ടാംഗം വീണു കിടക്കുന്നത് എന്തിന്? യിസ്രായേൽ പാപം ചെയ്തിരിക്കുന്നു. ഞാൻ അവരോടു കല്പിച്ചിട്ടുള്ള എന്റെ നിയമം അവർ ലംഘിച്ചിരിക്കുന്നു. അവർ ശാപഥാർപ്പിതം എടുത്തിരിക്കുന്നു. തങ്ങളുടെ സാമാനങ്ങളുടെ ഇടയിൽ അത് മറച്ചു വച്ചിരിക്കുന്നു. ശാപം നിങ്ങളുടെ ഇടയിൽ നിന്നും നീക്കാതിരുന്നാൽ ഞാൻ നിങ്ങളോടു കൂടെയിരിക്കില്ല. നിങ്ങളെ തന്നെ ശുദ്ധീകരിക്കണം."

യോശുവ അതികാലത്തെഴുന്നേറ്റു. യിസ്രായേൽ ജനത്തെ മുഴുവൻ ഗോത്രം ഗോത്രമായി വിളിച്ചു വരുത്തി. യഹൂദഗോത്രം പിടിക്കപ്പെട്ടു. അതിൽ സർഹ്യകുലം പിടിക്കപ്പെട്ടു. പിന്നെ സബ്ദി പിടിക്കപ്പെട്ടു. ഒടുവിൽ സബ്ദിയുടെ മകനായ കർമ്മിയുടെ മകൻ ആഖാൻ പിടിക്കപ്പെട്ടു. യോശുവ ആഖാനെ ചോദ്യം ചെയ്തപ്പോൾ അവൻ എല്ലാം തുറന്നു പറഞ്ഞു. "ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോട് പിഴച്ച് ഇന്നിന്നത് ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായ ഒരു ബാബിലോണ്യ മേലങ്കിയും ഇരുനൂറു ശേക്കൽ വെള്ളിയും അമ്പതു ശേക്കൽ തൂക്കമുള്ള പൊൻകട്ടിയും കണ്ടു. മോഹിച്ചു. എടുത്തു. അവന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു. വെള്ളി അടിയിൽ ആകുന്നു'' അവൻ പറഞ്ഞിടത്തുനിന്ന് തൊണ്ടി മുതൽ കണ്ടെടുത്തു. യോശുവ ജനത്തെ വിളിച്ചുകൂട്ടി. ആഖാനെ വെള്ളി, മേലങ്കി, പൊൻകട്ടി, അവന്റെ പുത്രന്മാർ, പുത്രിമാർ, അവന്റെ കാള, ആട്, കഴുത, കൂടാരം ഇങ്ങനെ അവനുള്ള സകലവുമായി ആഖോർ താഴ്വരയിൽ കൊണ്ടുപോയി.

താൻ താൻ
നിരന്തരം ചെയ്യുന്ന
കർമ്മങ്ങൾ
താൻ താൻ
അനുഭവിക്കെന്നേ
വരൂ.... എന്നത്
അങ്ങേ ലോകത്തിലെ
കാര്യമാണെന്നും
ഈ ലോകത്തിൽ വച്ചു
തന്നെ കുറെയൊക്കെ
നാം അനുഭവിച്ചേ
മതിയാകുവെന്നും
തിരിച്ചറിയുമ്പോൾ
പാപം
വർജ്ജിക്കേണ്ടതിന്റെയും
സത്യകുമ്പസാരത്തിന്റെയും
ആവശ്യകത
ബോദ്ധ്യമാകും.

പിന്നെ യിസ്രായേൽ എല്ലാം അവനെ കല്ലെറിഞ്ഞു. അവരെ തീയിലിട്ടു ചുട്ടു. അതുകൊണ്ട് ആ സ്ഥലത്തിന് ആഖോർ എന്ന് പേരായി.

ഈ സംഭവം നമുക്ക് ചില ഗൗരവമേറിയ സന്ദേശങ്ങൾ നൽകുന്നു. പാപം കടന്നു വന്ന വഴികളാണ് പ്രഥമം. ആഖാൻ പറയുന്നത് ശ്രദ്ധിക്കുക. വിശേഷമായ മേലങ്കിയും വെള്ളിയും പൊന്നും കണ്ടു മോഹിച്ചു എടുത്തു. ''ശപഥാർപ്പിത വസ്തുക്കളെ തൊടാതിരിപ്പാൻ സൂക്ഷിപ്പീൻ'' എന്ന യഹോവയുടെ കല്പന മറന്ന് അത് എടുത്ത് ഒളിച്ചു വെയ്ക്കാൻ വഴി തെളിച്ചത് രണ്ടു കാര്യങ്ങളാണ്. അതിൽ ആദ്യത്തേതാണ് കണ്ടു എന്നത്. കാഴ്ച തെറ്റിലേക്കുള്ള വഴി തുറക്കുന്നു. കാണരുതാത്തത് കണ്ടതുകൊണ്ട് മോഹമുണ്ടായി. ആദ്യപാപത്തിന് കാരണമായത് കാഴ്ചയും തൽഫലമായുണ്ടായ മോഹവുമാണെന്ന് ഉല്പ. 3:6 ൽ വ്യക്തമാക്കുന്നു. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു. കാഴ്ച മോഹത്തിലേക്കും മോഹം പാപത്തിലേക്കും കൊണ്ടെത്തിക്കുന്നു. യാക്കോബ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധിക്കുക; യാക്കോ. 1:3 'മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു' മോഹങ്ങൾ ജനിക്കാതിരിക്കാൻ പരിശുദ്ധ പൗലോസ് ശ്ലീഹാ നൽകുന്ന ഉപദേശം റോമ. 13:14 ൽ നമുക്ക് കാണാം. ''മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്''കാഴ്ച ജഡചിന്തയിലേക്കും ജഡചിന്ത മോഹത്തിലേക്കും നമ്മെ കൊണ്ടെത്തിക്കുന്നു. ഇവിടെ കാഴ്ചയിലൂടെയാണ് പാപം കടന്നുവരുന്നത്. കാഴ്ച യാദൃശ്ചികമായ ഒരു സംഭവമാണ്. എന്നാൽ ചില കാഴ്ച വീണ്ടും നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആ നോട്ടത്തിന്റെ പിന്നിൽ ഉദ്ദേശമുണ്ട്. നോട്ടത്തിൽ മോഹം കലർന്നു കിടക്കുന്നു. മോഹത്തോടുകൂടിയ നോട്ടം തന്നെ അതിനാൽ പാപമായി തീരുന്നു. കർത്താവ് പറയുന്നു വി. മത്താ. 5:28 ''ഞാനോ നിങ്ങളോടു പറയുന്നത്; സ്ത്രീയേ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി" ഒരു വിധത്തിൽ പറഞ്ഞാൽ പഞ്ചേന്ദ്രിയങ്ങളാണ് പാപം കടന്നുവരുന്ന പ്രധാന മാർഗ്ഗങ്ങൾ അതുകൊണ്ടാണ്. ഭാരതീയ സന്യാസി വര്യന്മാർ ഇന്ദ്രിയ നിഗ്രഹം പ്രാപിച്ചിരുന്നത്. ഇന്ദ്രിയങ്ങളിൽ പ്രധാനം കണ്ണുതന്നെയാണ്. അതുകൊണ്ടാകാം മറ്റൊരു ഇന്ദ്രിയത്തിനുമില്ലാത്ത ഒരു പ്രത്യേകത കണ്ണിനു ദൈവം നൽകിയിരിക്കുന്നത് കണ്ണിനുമാത്രമാണ്. അതിനെ സ്വയം നിയന്ത്രിക്കാനുള്ള മാർഗ്ഗം നൽകിയിരിക്കുന്നത്. കാണേണ്ടത് കാണുവാനും കാണരുതാത്തത് കാണാതിരിക്കാനുമായിട്ടാണ് കണ്ണിന് കൺപോളകൾ നൽകിയിരിക്കുന്നത്. കാതിനും മൂക്കിനും ത്വക്കിനും ഈ സൗകര്യം നൽകിയിട്ടില്ല. അതുവഴി കടന്നു വരുകില്ല. നാവിനാകട്ടെ, രുചിയിലൂടെയുള്ള അറിവു നേടുവാൻ മറ്റ് അവയവങ്ങളുടെ സഹായം ആവശ്യമായിരിക്കുന്നു. നാവിനു സംസാരിക്കുക എന്ന ഉദ്ദേശം കൂടെയുണ്ട്. സംസാരം നിയന്ത്രിക്കണമെന്നതുകൊണ്ടാകാം അതിനെ അധരോഷ്ഠങ്ങളാലും പല്ലുകളാലും

ബന്ധിച്ചിട്ടിരിക്കുന്നത്, കണ്ണു പഞ്ചേന്ദ്രിയങ്ങളിൽ ഏറ്റം ശക്തമായിട്ടുള്ളതാണ്; പ്രത്യേകിച്ച് പാപത്തെ സംബന്ധിച്ച്. നാം പ്രവർത്തിക്കുന്ന അനേകം പാപങ്ങൾക്കും കളം ഒരുക്കുന്നത് കണ്ണാണ് എന്നത് ഒരു അനിഷേധ്യ സത്യമാണ്. അതിനാൽ പാപത്തിലേക്ക് വഴുതി വീഴുവാൻ ഇട യാകുന്ന മോഹമുണ്ടാകാതിരിപ്പാൻ കണ്ണുകളെ നിയന്ത്രിച്ചേ മതിയാകൂ. കാഴ്ച പാപമല്ലെങ്കിലും അതു നോട്ടത്തിനു കാരണമാകാറുണ്ട്. നോട്ടം പാപമാകും; പാപത്തിലേക്കുള്ള വാതിൽ തുറക്കും. അതിനാൽ കാഴ്ച നോട്ടത്തിലേക്ക് എത്തിച്ചേ രാതിരിപ്പാൻ ശ്രദ്ധിക്കണം. അത് പലപ്പോഴും സാധ്യമാകാതെ വരുമെന്നതിനാൽ അരുതാത്ത ദൃശ്യങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കണം. എങ്കിലും ചില കാഴ്ചകൾ നാം അറിയാതെയും നമ്മുടെ നിയ ന്ത്രണത്തിന് വിധേയമാകാതെയും നമ്മുടെ ദൃഷ്ടി പഥത്തിൽ പെട്ടുപോകും. അത് അരുതാത്ത മോഹം ജനിപ്പിക്കുന്നതാണ് എന്ന് തിരിച്ചറിഞ്ഞ് വീണ്ടും അങ്ങോട്ടു നോക്കാതെ കണ്ണിനെ നിയന്ത്രി ച്ചാൽ മാത്രമേ പാപത്തിൽ വീഴാതെ നമ്മെ സൂക്ഷി പ്പാൻ കഴിയുകയുള്ളു. ഒരു പക്ഷെ, ആഖാന്റെ പാപം കടന്നു വന്നത് യാദൃശ്ചികമായിരിക്കാം. അറി യാതെയായിരിക്കാം വിശേഷപ്പെട്ട മേലങ്കിയും വെള്ളിയും സ്വർണ്ണവും കണ്ണിൽപ്പെട്ടത്. മറ്റാരും സമീപത്തുണ്ടായിരുന്നിരിക്കില്ല. സാഹചര്യം അനു കൂലമായിരുന്നു. അരുതാത്തത് എന്ന് തിരിച്ചറിഞ്ഞ് കണ്ണുകളെ പിൻവലിച്ചിരുന്നുവെങ്കിൽ ആ വലിയ പാപത്തിലേക്ക് ആഖാൻ വീഴുമായിരുന്നില്ല. നല്ല കൂട്ടായ്മകളും നമ്മെ നിയന്ത്രിക്കാൻ ആവശ്യമാ ണെന്ന് ഇത് സൂചിപ്പിക്കുന്നു. ജഡമോഹം ആഖാ നിൽ വളരെ കൂടുതലായിരുന്നിരിക്കണം. ദൈവചി ന്തയിൽ നിന്ന് അകലുന്നവരിൽ വന്നു ഭവിക്കുന്ന ഒന്നാണ് ശക്തമായ ജഡമോഹം 1 യോഹ. 2:16 ശ്രദ്ധിക്കുക. "ജഡമോഹം കൺമോഹം ജീവന ത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ള തെല്ലാം പിതാവിൽ നിന്നല്ല; ലോകത്തിൽ നിന്നത്രെ ആകുന്നു." ആഖാന്റെ പാപത്തിനു കാരണം ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം എന്നിവയായിരുന്നുവെന്ന് കണ്ടു മോഹിച്ചു എടുത്തു എന്നീ പ്രയോഗങ്ങൾ വ്യക്ത മാക്കുന്നു. പാപത്തെ അതിന്റെ രാഗമോഹങ്ങ ളോടെ കുഴിച്ചിടാൻ ഇന്ദ്രിയ നിഗ്രഹം അനുപേക്ഷ ണീയമാണെന്ന് ഇത് വെളിവാക്കുന്നു.

ആഖാന്റെ പാപം ഗുരുതരമാകാൻ രണ്ടു കാരണങ്ങൾ ഉണ്ട്. തെറ്റാണ് എന്ന് അറിഞ്ഞു കൊണ്ടു തന്നെയാണ് അവൻ അത് ചെയ്തത്. അറിഞ്ഞുകൊണ്ടു ചെയ്യുന്ന തെറ്റുകൾക്ക് അധിക ശിക്ഷ ലഭിക്കും. അവൻ പാപത്തെ ലാഘവബു ദ്ധിയോടെ കണ്ടുവെന്നതാണ് മറ്റൊരു കാരണം. ഇത് സാരമില്ല എന്ന് അവൻ കരുതി. മാത്രമല്ല ആരും കണ്ടിട്ടില്ല. കാണുകയുമില്ല എന്ന് അവൻ വിശ്വസിച്ചു. കൂടാരത്തിന്റെ നടുവിൽ കുഴിച്ചിട്ടത് അത് സൂചിപ്പിക്കുന്നു. പാപത്തെ അങ്ങനെ കുഴി ച്ചുമൂടുവാൻ കഴിയുകയില്ല. അതുകൊണ്ടു തന്നെ തക്കസമയത്ത് അവന് പാപം ഏറ്റുപറഞ്ഞ് ഉപേ ക്ഷിക്കാൻ കഴിയാതെ പോയി. അവൻ പാപം ഏറ്റു പറഞ്ഞു. പക്ഷെ പിടിക്കപ്പെട്ടു കഴിഞ്ഞുള്ള ഏറ്റു പറച്ചിൽ ശിക്ഷ ഇളവു ചെയ്തു കിട്ടാൻ പര്യാപ്ത മല്ല. പുതിയ നിയമത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മോചനം കിട്ടാത്ത പരിശുദ്ധാത്മാവിന് എതിരാ യുള്ള പാപമായി അത് പരിണമിച്ചു കഴിഞ്ഞു. നാമും പലപ്പോഴും പല പാപത്തെയും ലാഘവബു ദ്ധിയോടെയാണ് കാണുന്നത്. അത് നിസ്സാരമായ പാപമല്ലെ. സാരമില്ലായെന്നു സ്വയം സമാശ്വസിക്കു ന്നു. ആരും കാണാത്ത പാപത്തെയും നാം അവഗ ണിക്കുന്നു. അതിനാൽ അത് ഏറ്റുപറഞ്ഞ് ഉപേ ക്ഷിക്കാൻ കഴിയാതെ ന്യായവിധി കാലത്തേക്ക് ചര തിച്ച് വെക്കുന്നു.

ഒരു വ്യക്തിയുടെ പാപം അയാളുടെ കുടും ബത്തേയും സമൂഹത്തേയും എങ്ങനെ ബാധിക്കു ന്നുവെന്ന് ഈ സംഭവം വ്യക്തമാക്കുന്നു. ആഖാൻ ചെയ്ത പാപത്തെക്കുറിച്ച് യഹോവ യോശുവ യോട് അരുളിച്ചെയ്യുന്നത് യോശുവ 7:11 ൽ ഇങ്ങ നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "യിസ്രാ യേൽ പാപം ചെയ്തിരിക്കുന്നു" ആഖാൻ നിയമം ലംഘിച്ചതും ശപഥാർപ്പിത വസ്തു എടുത്തതും ഒളിച്ചു വച്ചതുമെല്ലാം യഹോവ കണക്കിട്ടത് യിസ്രാ യേലിന്റെ പാപമായിട്ടാണ്. ഈ പാപം ചെയ്ത വ്യക്തിയെ യഹോവയ്ക്ക് അറിയാൻ പാടില്ലാത്ത തുകൊണ്ടല്ല അങ്ങനെ പറയുന്നത്. അതുകൊണ്ടു തന്നെ അതിന്റെ അനന്തരഫലങ്ങൾ യിസ്രായേൽ മുഴുവൻ അനുഭവിക്കേണ്ടതായി വന്നു. ഹായി പട്ട ണക്കാരുടെ മുമ്പിൽ പരാജയപ്പെട്ടത് ആഖാന്റെ പാപത്തിന്റെ പരിണിത ഫലമായിരുന്നുവല്ലോ. അതുകൊണ്ടാണ് പാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കിക്കളയേണം എന്ന് യഹോവ അരുളിച്ചെയ്ത ത്. ഒരുത്തന്റെ പാപം മൂലം സമൂഹം മുഴുവൻ അശുദ്ധമായി ഭവിച്ചിരിക്കുന്നു. 'നിങ്ങളെ തന്നെ ശുദ്ധീകരിപ്പീൻ' എന്നാണല്ലോ അതിന് പരിഹാര മായി യഹോവ നിർദ്ദേശിച്ചതും. ആഖാനും

അവന്റെ കുടുംബവും വസ്തുവകകളും എല്ലാം ശിക്ഷയ്ക്കു വിധേയമാകുന്നതോടെയാണ് യിസ്രായേലിന്റെ പാപം നീങ്ങുന്നതും. ശാപം നിങ്ങളുടെ ഇടയിൽ നിന്ന് നീക്കിക്കളയുന്നതുവരെ ശത്രുക്കളുടെ മുൻപിൽ നിങ്ങൾക്കു നിൽക്കാൻ കഴിയുകയില്ല എന്ന് യഹോവ അരുളിച്ചെയ്തിരിക്കുന്നു. ലഘുവും നിസ്സാരവും ആരും കാണുന്നില്ല എന്നിങ്ങനെ കരുതി നാം ചെയ്യുന്ന പാപങ്ങളെല്ലാം എത്ര മാത്രം ഗൗരവമുള്ളതാണെന്നും അതിന്റെ ഭവിഷ്യത്തുകൾ നാം മാത്രമല്ല നമ്മോടു ബന്ധപ്പെട്ടവർക്കും ബാധകമാണെന്ന സത്യം ഈ സംഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ അനുഭവിക്കെന്നേ വരൂ' എന്നത് അങ്ങേ ലോകത്തിലെ കാര്യമാണെന്നും ഈ ലോകത്തിൽ വച്ചു തന്നെ കുറെയൊക്കെ നാം അനുഭവിച്ചേ മതിയാകുവെന്നും തിരിച്ചറിയുമ്പോൾ പാപം വർജ്ജിക്കേണ്ടതിന്റെയും സത്യകുമ്പസാരത്തിന്റെയും ആവശ്യകത ബോദ്ധ്യമാകും.

പാപം കടന്നുവരുന്ന വഴി കണ്ണാണെന്ന് ആഖാന്റെ പാപം വ്യക്തമാക്കുന്നു. കാഴ്ച മോഹത്തിലേക്കും മോഹം പാപത്തിലേക്കും എത്തിച്ചേരുന്നു. കാഴ്ചയെ നിയന്ത്രിച്ചാൽ മോഹത്തെ നിയന്ത്രിക്കാം. മോഹത്തെ നിയന്ത്രിച്ചാൽ പാപത്തെ ജയിക്കാം. പാപത്തെ അതിജീവിക്കുവാൻ ഇന്ദ്രിയ നിഗ്രഹം അനിവാര്യമാണ്. ഇന്ദ്രിയ നിഗ്രഹം പ്രാപിക്കണമെങ്കിൽ മനസ്സിനെ നിയന്ത്രിക്കണം. ആത്മനിയന്ത്രണത്തിന് പ്രാർത്ഥന, ആരാധന, തിരുവചനധ്യാനം, നോമ്പ്, ഉപവാസം തുടങ്ങിയ ആത്മീയ ചര്യകൾ അത്യന്താപേക്ഷിതമാണ്. പാപത്തിന്റെ വഴികൾ അടച്ചെങ്കിൽ മാത്രമേ ജയമുള്ള ക്രിസ്തീയ ജീവിതം സുസാദ്ധ്യമാകുകയുള്ളു.

## കുടുംബസംഗമം

ചെറിയനാട് : ചെറിയനാട് സെന്റ് ജോർജ്ജ് പള്ളിയുടെ ഇടവക ദിനത്തോടനുബന്ധിച്ചുള്ള കുടുംബസംഗമം അഖില മലങ്കര മർത്തമറിയം സമാജം ഉപാദ്ധ്യക്ഷൻ ഫാ. മാത്യു വറുഗീസ് പുളിമൂട്ടിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ശമുവേൽ ഏവൂർ മുഖ്യപ്രഭാഷണം നടത്തി. ഫാ. രാജൻ വറുഗീസ്, ഫാ. കോരുത് ചെറിയാൻ, ഫാ. ഇമ്മാനുവേൽ, എം.പി. കുഞ്ഞപ്പി, റ്റി.ജി. ശമുവേൽ എന്നിവർ പ്രസംഗിച്ചു. SSLC, +2 ക്ലാസ്സുകളിൽ ഉന്നത മാർക്കു വാങ്ങിയ വിദ്യാർത്ഥികൾക്ക് ട്രോഫിയും പാരിതോഷികങ്ങളും നൽകി അനുമോദിച്ചു.

## വനിതാ ദിനാഘോഷം



ഉമയാറ്റുകര : ചെങ്ങന്നൂർ ഭദ്രാസന വനിതാദിന സമ്മേളനം ഉമയാറ്റുകര സെന്റ് തോമസ് വലിയ പള്ളിയിൽ അഖില മലങ്കര മർത്തമറിയം വനിതാ സമാജം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. റ്റി.ജെ. തോമസ് ക്ലാസ്സിന് നേതൃത്വം നൽകി. ഫാ. തോമസ് കൊക്കാപ്പറമ്പിൽ (ഭദ്രാസന സെക്രട്ടറി), ഫാ. മാത്യു വർഗീസ് (കേന്ദ്ര വൈസ് പ്രസിഡന്റ്), ഫാ. വൈ. തോമസ് (ഭദ്രാസന കൗൺസിൽ അംഗം), സോളി ജി. ഫിലിപ്പ് (പ്രിൻസിപ്പൽ കൗൺസിലർ ആലപ്പുഴ കുടുംബകോടതി) എന്നിവർ പ്രസംഗിച്ചു. ഫാ. ഫിലിപ്പ് ജേക്കബ് (ഭദ്രാസന വൈസ് പ്രസിഡന്റ്), സ്വാഗതവും, ലിസ്സി വർഗീസ് (സമാജം ഭദ്രാസന സെക്രട്ടറി) നന്ദിയും പ്രകാശിപ്പിച്ചു.

## റ്റി.കെ. ശമുവേൽ കശ്ശീശ്ശാ സ്മാരക അഖില മലങ്കര കലാമത്സരങ്ങൾ



ഓതറ സെന്റ് മേരീസ് ഇടവകയിലെ മാർ ഗ്രീഗോറിയോസ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 6–ാമത് അഖില മലങ്കര കലാമത്സരങ്ങൾ നടത്തപ്പെട്ടു. ഫാ. എബി റ്റി. ശമുവേൽ കലാമത്സരങ്ങൾ ഉത്ഘാടനം ചെയ്തു. ഫാ. ബിജു ഈശോ, ഫാ. ജോൺ പോൾ, ശ്രീമതി ജീമോൾ എന്നിവർ ആശംസകൾ അർപ്പിച്ചു. വികാരി ഫാ. ജേക്കബ് റ്റി. ഏബ്രഹാം, ശ്രീമതി റെനി സൂസൻ ശമുവേൽ, ശ്രീ. അജയ് ജോസ് വർഗീസ്, ശ്രീ. അനീഷ് സി. ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.

# അട്ടപ്പാടിക്ക് ഒരു സ്നേഹ സ്പർശം II

തയ്യാറാക്കിയത് :- ശ്രീ. റിജോഷ് ഫിലിപ്പ്, ശ്രീമതി ആനി. കെ. തോട്ടുപുറം

മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസന ബാല സമാജം & മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ സമൃദ്ധിയിൽ തിമർത്തു നിൽക്കുന്ന കൊച്ചുകേരളത്തിലെ ആദിവാസി ഗ്രാമമായ അട്ടപ്പാടിയിലേക്ക് പട്ടിണിയും ക്ഷാമവും ഇല്ലാതിരുന്ന ഒരു കാലത്തെ അനുസ്മരിക്കുവാൻ ഓണക്കോടിയുമായി "അട്ടപ്പാടിക്ക് ഒരു സ്നേഹസ്പർശം II" എന്ന പേരിൽ 2013 ആഗസ്റ്റ് 27, 28 തീയതികളിൽ കടന്നു ചെന്നു.

ചൂഷണത്തിനും അതിക്രമത്തിനും വിധേയരായ അട്ടപ്പാടിയിലെ ജനങ്ങൾക്ക് സാന്ത്വനം നൽകേണ്ടത് നമ്മുടെ കൂടി ആവശ്യമാണ്.

ഭദ്രാസനത്തിലെ 51 പള്ളികളിൽ നിന്ന് ശേഖരിച്ച പുതുവസ്ത്രങ്ങൾ അട്ടപ്പാടി ഊരുകളിലേക്ക് എത്തിക്കുവാൻ അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്ത തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ഭദ്രാസന സെക്രട്ടറി റവ. ഫാ. തോമസ് കൊക്കാപ്പറമ്പിലിന്റെ നേതൃത്വത്തിൽ 27-ാം തീയതി യാത്ര പുറപ്പെട്ടു.

ബഥേൽ അരമന പള്ളിയിൽ ഭദ്രാസന സെക്രട്ടറി പ്രാർത്ഥന നടത്തി. റവ. ഫാ. ഫിലിപ്പ് ജേക്കബ്, റവ. ഫാ. തോമസ് കടവിൽ, മർത്തമറിയം സമാജം സെക്രട്ടറിമാരായ ശ്രീമതി ലിസ്സി വർഗീസ്, ശ്രീമതി സോഫി രാജൻ, ബാലസമാജം സെക്രട്ടറിമാരായ ശ്രീ. റിജോഷ്, ശ്രീമതി ആനി കെ. തോട്ടുപുറം, ശ്രീമതി സാലി വർഗീസ്, ശ്രീമതി ആനി ജോൺസൺ, ശ്രീമതി ഷൈനു ജിജി, ശ്രീ. സഞ്ജു രാജൻ, ശ്രീ. സിബി വർഗീസ്, ശ്രീ സോബിൻ വർഗീസ്, ശ്രീ. ഷിന്റോ സന്തോഷ് എന്നിവർ നേതൃത്വം നൽകി.



തുടർന്ന് 9 മണിക്ക് സംഘം ചെങ്ങന്നൂരിൽ നിന്നും യാത്ര പുറപ്പെട്ടു. ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ, ചേർത്തല വഴി കൊച്ചി ഭദ്രാസന ആസ്ഥാനമായ കൊരട്ടിയിലെ സിയോൻ അരമനയിൽ 1 മണിയോടെ എത്തി അവിടെ കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി സ്നേഹപൂർവ്വം സ്വീകരിച്ചു. ചാപ്പലിലും അവിടെ കബറടങ്ങിയിരിക്കുന്ന യൂഹാനോൻ മാർ സേവേറിയോസ്, യാക്കൂബ് മാർ പോളിക്കാർപ്പസ്, പൗലോസ് മാർ സേവേറിയോസ് എന്നീ പിതാക്കന്മാരുടെ കബറിടത്തിലും പ്രാർത്ഥിച്ചശേഷം അരമനയിൽ നിന്നും ഉച്ചഭക്ഷണം കഴിച്ചു. മർത്തമറിയം സമാജം വൈസ് പ്രഡിഡന്റ് ഫിലിപ്പ് ജേക്കബ് അച്ചൻ അരമനയിൽ നൽകിയ സ്വീകരണങ്ങൾക്ക് നന്ദി പറഞ്ഞു.

അവിടെ നിന്നും 2 മണിക്ക് തൃശ്ശൂർ, പാലക്കാട്, ഷൊർണ്ണൂർ, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിലൂടെ കാഴ്ചകൾ കണ്ട് യാത്ര തുടർന്നു. 6.30 പി.എം ന് ബഹു. കൊക്കാപ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സന്ധ്യാനമസ്ക്കാരം നടത്തി.

8 മണിയോടെ അട്ടപ്പാടിയിലെ അഗളി സെന്റ് തോമസ് ആശ്രമത്തിൽ എത്തിച്ചേർന്നു. അവിടെ ആശ്രമം മാനേജരായ

വന്ദ്യ യൂഹാനോൻ റമ്പാച്ചൻ നിറഞ്ഞ സ്നേഹത്തോടെ സ്വീകരിച്ചു. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ ബാല-ബാലികാ ഭവനിലെ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ ചിട്ടയോടുകൂടിയ പഠനവും ദിനചര്യകളും ഞങ്ങൾ സഭാംഗങ്ങളെ അമ്പരപ്പിച്ചു. ആശ്രമത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് വന്ദ്യ റമ്പാച്ചൻ വിശദീകരിച്ചു. തുടർന്ന് അത്താഴം കഴിച്ച്, ബാലഭവനിലും ആശ്രമത്തിലുമായി സജ്ജീകരിച്ച മുറികളിൽ രാത്രി ഉറക്കത്തിനായി പോയി. ആശ്രമത്തോടു ചേർന്ന് ഒഴുകുന്ന ആറിന്റെ കളകള നാദത്താലും കുളിർമയേറിയ കാറ്റാലും ആ രാത്രി സുഖകരമായി ഉറങ്ങി. പ്രഭാതത്തിൽ നാട്ടിൻപുറത്തെ പൂവൻകോഴിയെപ്പോലെ നൃത്തമാടുന്ന മയിൽ കൂട്ടത്തിന്റെ കരച്ചിൽ കേട്ട് 5 മണിക്ക് തന്നെ ഉണർന്നു.

28-ാം തീയതി രാവിലെ 6 മണിയോടെ ആശ്രമം ചാപ്പലിലേക്ക് പോയി അവിടെ ബാലസമാജം വൈസ് പ്രസിഡന്റ് റവ. ഫാ. തോമസ് വർഗീസ് കടവിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. ഈ ചാപ്പലിൽ എല്ലാ ദിവസവും വി. കുർബ്ബാന ഉണ്ട്. ബാലഭവനിലെ കുഞ്ഞുങ്ങൾ ശാന്തരായും ഭക്തിയോടും കൂടെയാണ് വി. കുർബ്ബാനയിൽ സംബന്ധിച്ചത്. മണിയടിക്കുന്നതിനും സമാധാനം നൽകുന്നതിനും നേതൃത്വം നൽകുന്നത് ബാലഭവനിലെ ആദിവാസി കുഞ്ഞുങ്ങൾ തന്നെയാണ്. വി. കുർബ്ബാനയ്ക്കുശേഷം പ്രഭാതഭക്ഷണം കഴിച്ചു. പ്രഭാത ഭക്ഷണത്തിനുശേഷം ബസ്സിൽ കരുതിയിരുന്ന ഓണക്കോടികൾ ബാലഭവനിലേക്കും മറ്റ് ഊരുകളിലേക്കുമായി മാറ്റി. ഇവിടെ ഊരുകളിലേക്കുള്ള യാത്ര ജീപ്പിലൂടെയാണ്.

ഊരുകളിൽ വേണ്ട നേതൃത്വം നൽകിയത് സുധാപോൾ അച്ചനും ഡോ. സിബി തരകനുമാണ്. ഞങ്ങളുടെ ഊരു സന്ദർശന ഉദ്ദേശ്യത്തെക്കുറിച്ച് സുധാപോൾ അച്ചൻ വിശദീകരിച്ചു. ഊരു മൂപ്പനെ ഭദ്രാസന സെക്രട്ടറി ഷാൾ അണിയിച്ച്, ഞങ്ങൾ കൊണ്ടു ചെന്ന ഓണക്കോടികൾ വിതരണം ചെയ്തു. ഊരുകളിലെ കുട്ടികൾക്കായി കരുതിയിരുന്ന മധുരവും വിതരണം ചെയ്തു.

ചൂഷണത്തിനും അതിക്രമത്തിനും വിധേയരായ അട്ടപ്പാടിയിലെ ജനങ്ങൾക്ക് സാന്ത്വനം നൽകേണ്ടത് നമ്മുടെ കൂടി ആവശ്യമാണ്. 'രണ്ട് വസ്ത്രം ഉള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ' എന്ന ദൈവവചനം സാധ്യമാക്കുവാൻ ചെങ്ങന്നൂർ ഭദ്രാസന ബാലസമാജം -മർത്തമറിയം സമാജം പ്രവർത്തകർക്ക് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയോട് ചേർന്ന് പ്രവർത്തിക്കുവാൻ സാധിച്ചതിൽ കാരുണ്യവാനായ ദൈവത്തിന് നന്ദി. ഉച്ചഭക്ഷണത്തിനുശേഷം ആശ്രമത്തിലെ ഏവർക്കും ബഹു. തോമസ് കൊക്കാപ്പറമ്പിലച്ചൻ നന്ദി പറഞ്ഞ് 1.30 പി.എം. ന് അട്ടപ്പാടി ആശ്രമത്തിൽ നിന്നും യാത്ര തിരിച്ചു ബസ്സിൽ വച്ച് സന്ധ്യാപ്രാർത്ഥന നടത്തി. ശ്രീമതി ലിസ്സി വർഗീസിന്റെ നേതൃത്വത്തിൽ ചില 'കളിയും ചിരിയു'മായി യാത്ര തുടർന്നു. രാത്രി 8 മണിയോടെ അത്താഴം നെടുമ്പാശ്ശേരിയിൽ നിന്നും കഴിച്ചു. കൃത്യം 12.30 മണിക്ക് ബഥേൽ അരമനയിൽ ദൈവകൃപകളാൽ എത്തിച്ചേർന്നു.

## അഖില മലങ്കര പ്രസംഗ മത്സരവും ചിത്രരചനാ മത്സരവും

പേരിശ്ശേരി സെന്റ് മേരീസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 29/09/2013 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അഖില മലങ്കര തലത്തിൽ 'ദൈവ വചനത്തിന്റെ പ്രസക്തി ഉത്തരാധുനിക ലോകത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗ മത്സരം നടത്തുന്നു. കൂടാതെ ലഹരി വിരുദ്ധ മാസമായി ആചരിക്കുന്നതിന്റെ ഭാഗമായി ചിത്രരചനാ മത്സരവും അന്നേദിവസം പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9605151722, 8547354767

## ശിലാസ്ഥാപനം നിർവ്വഹിച്ചു



തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളിയുടെ ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ഇടവക വികാരി ഫാ. ജോസഫ് കുര്യാക്കോസ് പാമ്പാടികണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് തേക്കിൽ, ഫാ. നൈനാൻ കെ. ജോർജ്ജ്, ഫാ. സജി അമയിൽ, ഫാ. ജോൺ ചാക്കോ, ജോസഫ് എം. പുതുശ്ശേരി എക്സ്. എം. എൽ.എ., പഞ്ചായത്ത് മെമ്പർ അനിതാ രഘു, ട്രസ്റ്റി എം.റ്റി. മത്തായി, സെക്രട്ടറി മത്തായി വർഗീസ്, കൺവീനർ വർഗീസ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

പഠനം

# എബ്രായ ലേഖനം

(തുടർച്ച)

ഫാദർ മാത്യു വറുഗീസ്, പുളിമൂട്ടിൽ
(മോംസ് കേന്ദ്ര വൈസ് പ്രസിഡന്റ്)

എബ്രായലേഖനം 12-ാം അദ്ധ്യായം ക്രിസ്തീയ ജീവിതത്തെക്കുറിച്ചുള്ള ഒരു ആവിഷ്ക്കാരമാണ്. ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യവും, മാതൃകയും ക്രിസ്തുവായിരിക്കുകയും, ക്രിസ്തീയ സാന്നിദ്ധ്യത്തിൽ സാക്ഷികളുടെ സമൂഹത്തിന്റെ പ്രേരണയാൽ സകല ഭാരവും മുറുകെ പറ്റുന്ന പാപങ്ങളും ഉപേക്ഷിച്ച് യേശുവിനെ നോക്കി സ്ഥിരതയോടെ ഓടണം എന്നും വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. ചുറ്റുമുള്ള സാക്ഷികൾ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിച്ചവരും ഓട്ടക്കളത്തിൽ ഇന്നു നടക്കുന്ന ഓട്ടത്തിന് സാക്ഷ്യം വഹിക്കുന്നവരുമാണ്. ഭാരങ്ങൾ എന്നത് പാപമയമായ പ്രവൃത്തികളും ചിന്താകുലങ്ങളും അവിശ്വാസവും ആഗ്രഹങ്ങളുമാണ്. ഓട്ടത്തിൽ ക്ഷീണവും മതിപ്പും ഉണ്ടാകാതിരിക്കുവാൻ യേശു സഹിച്ച ക്രൂശ് മാർഗ്ഗദർശനം നൽകേണ്ടതാണ്. ദൈവകൃപ അവഗണിക്കാതെ ദൈവത്തിൽ നിന്നുള്ള ശിക്ഷണം സ്വീകരിക്കണം. കഷ്ടത സഹിക്കുവാനുള്ള സന്നദ്ധതയിലാണ് ശിക്ഷണം വെളിപ്പെടുന്നത്. ശിക്ഷണത്തോടുകൂടിയ ജീവിതം താൽക്കാലികമായി ദുഃഖകരമെങ്കിലും ശിക്ഷണത്തിൽ അഭ്യാസം ലഭിച്ചവർക്ക് സമാധാനത്തോടുകൂടി നീതിപൂർവ്വമായ ജീവിതം നയിക്കുവാൻ കഴിയും.

മോശപോലും പേടിച്ചു വിറച്ചു നിന്ന പഴയ സീനായ് പർവ്വതത്തിൽ കത്തുന്ന തീയുടെയും കൊടുങ്കാറ്റിന്റെയും മേഘതമസ്സിന്റെയും സാന്നിദ്ധ്യമായിരുന്നു. കാഹള നാദത്തിന്റെയും ദൈവത്തിന്റെ വാക്കുകളുടെ ശബ്ദവും അവിടെ മുഴങ്ങി കേട്ടു.

എന്നാൽ പുതിയ നിയമ പശ്ചാത്തലത്തിൽ സ്വർഗ്ഗീയ സീയോൻ ദൈവം യഥാർത്ഥമായി വസിക്കുന്ന സ്വർഗ്ഗീയ നഗരമാണ്. സ്വർഗ്ഗീയ ദൂതന്മാരുടെ ആവാസ സ്ഥാനമാണ്. സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ദൈവമക്കളുടെ നിവാസ സ്ഥാനമാണ്. സീനായ് പർവ്വതത്തിൽ നിന്ന് എല്ലാവരെയും അകറ്റി എങ്കിൽ നീയോൻ പർവ്വതത്തിലേക്ക് കടന്നുവരുവാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. മാമോദീസാ വഴി ക്രിസ്തുവിന്റെ രാജ്യത്തിലേക്കു പ്രവേശിക്കുവാൻ അവസരം ലഭിച്ച വിശ്വാസകൾ വി. കുർബ്ബാനാനുഭവം മുഖാന്തിരം ഇളക്കമില്ലാത്ത സ്വർഗ്ഗീയ രാജ്യത്തിന് അവകാശികളായിത്തീരട്ടെ എന്നുള്ള ആശംസയോടെയാണ് വി. പൗലോസ് ശ്ലീഹാ 12-ാം അദ്ധ്യായം അവസാനിപ്പിക്കുന്നത്.

സഹോദരസ്നേഹം അതിഥി സൽക്കാരം തടവുകാരോടും പീഡിതരോടുമുള്ള സഹാനുഭൂതി വിവാഹ ജീവിതത്തിലെ വിശുദ്ധിയും വിശ്വസ്തതയും ധനാസക്തിയില്ലായ്മ ജീവിതസംതൃപ്തി എന്നീ സൽഗുണങ്ങൾ ക്രിസ്തീയ ജീവിതത്തിൽ അവശ്യം പുലർത്തേണ്ടതാണ്.

13-ാം അദ്ധ്യായത്തിൽ ഉത്തമ ക്രിസ്തീയ ജീവിതം നയിക്കുവാൻ ആവശ്യമായ പ്രബോധനങ്ങളും പരമ്പരാഗതമായ ധർമ്മോപദേശങ്ങളുമാണുള്ളത്. സഹോദരസ്നേഹം, അതിഥി സൽക്കാരം, തടവുകാരോടും പീഡിതരോടുമുള്ള സഹാനുഭൂതി, വിവാഹ ജീവിതത്തിലെ വിശുദ്ധിയും, വിശ്വസ്തതയും, ധനാസക്തിയില്ലായ്മ, ജീവിതസംതൃപ്തി (യോശ. 1:5; സങ്കീ. 118:6) എന്നീ സൽഗുണങ്ങൾ ക്രിസ്തീയ ജീവിതത്തിൽ അവശ്യം പുലർത്തേണ്ടതാണ്.

ഒരു യഥാർത്ഥ ക്രിസ്തീയ നേതാവ്, ക്രിസ്തുവിനെ പ്രസംഗിക്കുകയും ക്രിസ്തുവിങ്കലേക്ക് ജനത്തെ കൊണ്ടുവരികയും ചെയ്യും.

ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ജീവിക്കുന്ന ക്രിസ്തീയ നേതാവ് ജീവിതത്തിലൂടെ ക്രിസ്തുവിനെ കാണിച്ചുകൊടുക്കും. ഒരു യഥാർത്ഥ ക്രിസ്തീയ നേതാവിന്റെ മാതൃകയും പ്രേരണയും ക്രിസ്തു മാത്രമായിരിക്കും. ക്രിസ്തുവിനോടുള്ള വിശ്വാസത്തിലും വിശ്വസ്തതയിലും സ്നേഹത്തിലും എങ്ങനെ ജീവിക്കണം എങ്ങനെ മരിക്കണം എന്ന് ജീവിതത്തിൽ കാണിച്ചു കൊടുക്കുകയും ചെയ്യും.

ന്യായപ്രമാണത്തിന്റെ കർമ്മാചാരപരമായ ഉപദേശങ്ങളെയാണ് വിവിധവും അന്യവുമായ ഉപദേശങ്ങൾ എന്ന് പറയുന്നത്. ന്യായപ്രമാണത്തിന്റെ ഭോജന നിയമങ്ങൾക്ക് ഹൃദയത്തെ ആത്മീക ചിന്തകളിൽ ഉറപ്പിക്കുന്നതിനോ, മനുഷ്യനെ ആത്മീകനാക്കുന്നതിനോ കഴിയുകയില്ല. കൃപ മൂലമാണ് ഹൃദയങ്ങൾ ഉറപ്പിക്കപ്പെടുന്നത്. ക്രിസ്തു യാഗവും, യാഗപീഠവും, പുരോഹിതനുമാണ്. ക്രിസ്തുവിന്റെ യാഗം മഹാ പാപപരിഹാര യാഗമാകയാൽ അതിൽ പാപയാഗത്തിന്റേതുപോലെ ആഹാരത്തിനായി ഒന്നും ശേഷിക്കുന്നില്ല (ലേവ്യ. 6:26) അതുകൊണ്ടാണ് അഹോവൃത്തി കഴിപ്പാൻ അവകാശമില്ലാത്ത യാഗപീഠം എന്നു പറയുന്നത്.

വി. പൗലോസ് ശ്ലീഹാ ആശംസാ വാക്കുകളോടുകൂടി എബ്രായ ലേഖനം പര്യവസാനിപ്പിക്കുമ്പോൾ ദൈവം സമാധാനത്തിന്റെയും ജീവന്റെയും ദൈവമെന്നു പറയുന്നു. ദൈവം തന്റെ ഇച്ഛയെ കാണിക്കുകയും അതിനായി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ആളുകളുടെ വലിയ ഇടയനും, പുതിയ നിയമം സ്ഥാപിച്ചവനും, ദൈവത്തിങ്കലേക്കും നിത്യജീവങ്കലേക്കും നമ്മെ എത്തിക്കുവാൻ നമുക്കുവേണ്ടി മരിച്ചവനാണ് ക്രിസ്തു എന്നും വി. പൗലോസ് സ്ഥിരീകരിക്കുന്നു.

കൂട്ടുവേലക്കാരനായ തീമോഥിയോസിനോടൊപ്പം വന്നു കാണാം എന്ന പ്രതീക്ഷയിൽ "കൃപ നിങ്ങളോടുകൂടി ഇരിക്കുമാറാകട്ടെ" എന്ന ആശീർവാദത്തോടു കൂടി എബ്രായ ലേഖനം സമാപിക്കുന്നു.

❍

## ദിവ്യബോധനം സെമിനാർ

POCE- DOCE എന്നീ കോഴ്സുകളുടെ പ്രത്യാശാ കിരണങ്ങൾ, പ്രവാചക സന്ദേശം എന്നീ പുസ്തകങ്ങളുടെ സെമിനാർ ഒക്ടോബർ 12–ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ വച്ചു നടത്തപ്പെടുന്നതാണ്. റവ. ജേക്കബ് ചെറിയാൻ അച്ചൻ നേതൃത്വം നൽകുന്നതാണ്. പഠിതാക്കൾ എല്ലാവരും തന്നെ ഇതിൽ വന്നു സംബന്ധിക്കേണ്ടതാണ്.

## അട്ടപ്പാടിക്ക് ഒരു സ്നേഹ സ്പർശവുമായി വനിതാ ബാലസമാജാംഗങ്ങൾ

അതീതകാല സ്മൃതിയുടെ ഉൾക്കുളിരും ഗതകാല ഗ്രാമീണതയുടെ സന്ദേശവും പകർന്നു നൽകുന്ന ഭൂമികയാണ് അട്ടപ്പാട്ടി. പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് അട്ടപ്പാടി. ഇരുളർ, മുഡുഗർ, പണിയർ എന്നീ ആദിവാസി വിഭാഗങ്ങൾ പാർക്കുന്ന 187 ഊരുകളാണ് അട്ടപ്പാടിയിലുള്ളത്. ഇരുളരാണ് ജനസംഖ്യയിൽ ഭൂരിപക്ഷം. കൃഷിപ്പണി മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന ഈ വിഭാഗങ്ങൾ ഹിന്ദുമത വിശ്വാസത്തോടൊപ്പം പ്രാചീന ആചാരാനുഷ്ഠാനങ്ങളും പിന്തുടരുന്നുണ്ട്. മരണം സംഭവിച്ചു കഴിഞ്ഞാൽ മൃതദേഹം അടക്കം ചെയ്യുന്നതുവരെ വീടിനു ചുറ്റും ചെണ്ട മേളത്തിന്റെ അകമ്പടിയോടുകൂടി നടത്തുന്ന നൃത്തം ഇന്നും തുടരുന്ന പ്രാചീന അനുഷ്ഠാനങ്ങളിലൊന്നാണ്. ഓരോ ഊരിനും ഓരോ മൂപ്പനുണ്ട്. മൂപ്പൻ സ്ഥാനം പൈതൃകമായി ലഭിക്കുന്നതാണ്. ഊരിന്റെ തലവനും പുരോഹിതനും മൂപ്പനാണ്.

ചെങ്ങന്നൂർ ഭദ്രാസനം ആവിഷ്ക്കരിച്ചിരിക്കുന്ന 'അട്ടപ്പാടിക്കൊരു സ്നേഹസ്പർശം' രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഭദ്രാസനത്തിലെ വനിതാസമാജം, ബാലസമാജം എന്നീ പ്രസ്ഥാനങ്ങൾ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും ശേഖരിച്ച വസ്ത്രങ്ങൾ അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ വിതരണം ചെയ്യുകയുണ്ടായി. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ വിതരണോത്ഘാടനം നിർവ്വഹിച്ചു. ഫാ. ഫിലിപ്പ് ജേക്കബ് (വനിതാ സമാജം വൈസ് പ്രസിഡന്റ്), ഫാ. തോമസ് വർഗീസ് കടവിൽ (ബാലസമാജം വൈസ് പ്രസിഡന്റ്), ലിസ്സി വർഗീസ് (വനിതാ സമാജം ഭദ്രാസന സെക്രട്ടറി), ആനി കെ. തോട്ടുപുറം, റിജോഷ് ഫിലിപ്പ് (ബാലസമാജം ഭദ്രാസന സെക്രട്ടറിമാർ), സോഫിയ രാജൻ (വനിതാ സമാജം ഭദ്രാസന ജോയിന്റ് സെക്രട്ടറി), ആനി ജോൺസൺ, സാലി വർഗീസ്, മോളി ജോർജ്ജ് (വനിതാ സമാജം ഡിസ്ട്രിക്ട് സെക്രട്ടറിമാർ), ഷൈനു ജിജി, സഞ്ചു രാജൻ, സോബിൻ വർഗീസ്, ഷിന്റോ സന്തോഷ്, സിബി വർഗീസ് (ബാലസമാജം ഡിസ്ട്രിക്ട് ഓർഗനൈസർമാർ) എന്നിവർ നേതൃത്വം നൽകി. അട്ടപ്പാടി സെന്റ് തോമസ് ആശ്രമം സുപ്പീരിയർ വെരി. റവ. എം. ഡി. യൂഹാനോൻ റമ്പാൻ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി.

# 1686-ലെ ചെങ്ങന്നൂർ സുന്നഹദോസും കാനോനിക നോമ്പുകളും

ഫാ. ഡോ. തോംസൺ റോബി

തനതായ വ്യക്തിത്വവും പൈതൃകവും കാത്തു സൂക്ഷിക്കുന്നതിൽ ആരംഭം മുതൽതന്നെ ശുഷ്ക്കാന്തി കാണിച്ച പൗരാണിക സഭയാണ് മലങ്കര സഭ എന്നുള്ളത് ചരിത്ര സത്യമാണ്. എന്നാൽ ലോകംമുഴുവൻ കീഴടക്കുവാൻ ഇറങ്ങി പുറപ്പെട്ട പോർട്ടുഗാസ് സംഘത്തോടൊപ്പംവന്ന റോമൻ കത്തോലിക്കാ മിഷണറി മാർ നസ്രാണികളെ തങ്ങളുടെ ലത്തിൽ വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ മലങ്കര നസ്രാണികൾക്ക് നഷ്ടമായത് തങ്ങളുടെ പതിനഞ്ചു നൂറ്റാണ്ടുകളുടെ പാരമ്പര്യമാണ്. 1599-ലെ ഉദയംപേരൂർ സുന്നഹദോസും, അതിന്റെ പരിണിതഫലമായി സംഭവിച്ച 1653-ലെ കൂനൻ കുരിശുസത്യവും, 1686-ലെ ചെങ്ങന്നൂർ സുന്നഹദോസും മലങ്കരസഭയുടെ ചരിത്രഗതിയിൽ മങ്ങാത്ത ഏടുകളാണ്. നസ്രാണികളുടെ ലത്തീൻവത്കരണത്തിന് ഇടയാക്കിയ ഉദയംപേരൂർ സുന്നഹദോസു നിശ്ചയങ്ങളെ വ്യത്യാസപ്പെടുത്താൻ ഇടയാക്കിയ ചെങ്ങന്നൂർ സുന്നഹദോസിന്റെ നടത്തിപ്പിലൂടെ, മാർ ഈവാനിയോസ് ഹദിയള്ളായുടെ നേതൃത്വം മലങ്കരയിൽ ഒരു വിമോചനത്തിന്റെ കാഹളം പുറപ്പെടുവിക്കുകയായിരുന്നു. ഈ ചരിത്ര നേട്ടത്തിന്റെ ചിന്തകളെ *നിരണം ഗ്രന്ഥവരി*യും ഉദ്ദിവിപ്പിക്കുന്നു. ഈ മാറ്റത്തിന്റെ ചിന്തകളിൽ വന്ന വളരെ പ്രധാനപ്പെട്ട വ്യതിയാനങ്ങളിൽ ഒന്നായിരുന്നു നോമ്പിനെ സംബന്ധിച്ചത്.

1685 ൽ മലങ്കരയിൽ എത്തിയ മാർ ബസേലിയോസ് യെൽദോയൊടൊപ്പം വന്ന മാർ ഈവാനിയോസ് ഒരു കവിയും, സുറിയാനി പണ്ഡിതനും ആയിരുന്നു. *നിരണം ഗ്രന്ഥവരി*യുടെ കണിയാന്ത്ര താളിയോല പകർപ്പിൽ മറ്റു പകർപ്പുകളിൽ കാണാത്ത ഒരു വിശ്വാസ പ്രഖ്യാപനവും ആറ് പ്രബന്ധങ്ങളും 35 കവിതകളും ഉണ്ട്. ഇത് ഈവാനിയോസിന്റെ കൃതികളാണെന്ന് വിശ്വസിക്കപ്പെടുന്നു.[1] *നിരണം ഗ്രന്ഥവരി* ഈവാനിയോസിനെ വിശുദ്ധനായിട്ടാണ് കാണുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ അലക്സാൻഡ്രിയൻ വേദശാസ്ത്രം നടപ്പിൽ വരുത്തിയത് ഇദ്ദേഹമാണ്. എന്നാൽ കാലങ്ങളിലൂടെ ഉരുത്തിരിഞ്ഞെത്തിയ മലങ്കര സഭയുടെ ആചാരാനുഷ്ടാനങ്ങളിൽ മാറ്റം വരുത്താൻ അദ്ദേഹം ശ്രമിച്ചില്ല.

മാർ ഈവാനിയോസ് മലങ്കരയിൽ വരുമ്പോൾ ഉദയംപേരൂർ സുന്നഹദോസിനുശേഷമുള്ള ലത്തീൻവത്ക്കരണത്തിന്റെ വലിയ സ്വാധീനവും അതിലെ തുടർന്നുവന്ന കൂനൻ കുരിശു സത്യത്തിനു ശേഷമുള്ള മലങ്കരയുടെ പ്രതിസന്ധികളും നിറഞ്ഞ കാല

ഘട്ടമായിരുന്നു. കൂടാതെ മാർത്തോമ്മാ രണ്ടാമന്റെ മരണശേഷമുള്ള ഒരു അവ്യക്തതയും നിലനിന്നിരുന്നു. ഇതേസമയം മലങ്കരയിൽ പ്രചരിച്ചിരുന്ന റോമൻ വിശ്വാസാചാരങ്ങളേയും രീതികളേയും മാറ്റി അലക്സാൻഡ്രിയൻ വിശ്വാസപ്രമാണവും അന്ത്യോഖ്യൻ രീതികളും നടപ്പിലാക്കുവാൻ അദ്ദേഹം 1686-ൽ മലങ്കര സഭയുടെ പള്ളിയോഗം ചെങ്ങന്നൂരിൽ വിളിച്ചുകൂട്ടി.

ഈ ചെങ്ങന്നൂർ സുന്നഹദോസിന്റെ നിശ്ചയപ്രകാരം അടിസ്ഥാന അലക്സാൻഡ്രിയൻ വേദശാസ്ത്രം മലങ്കരയിൽ നടപ്പിലാക്കാൻ ഇടയായി. മാർ ഈവാനിയോസ് സഭ, വർഗ്ഗം (ക്നൂമാ), പരിശുദ്ധ റൂഹാ, വി കുർബ്ബാന, നൊയമ്പ് എന്നീ കാര്യങ്ങളിൽ റോമൻ വിശ്വാസം മാറ്റി അലക്സാൻഡ്രിയൻ വിശ്വാസപ്രമാണം അംഗീകരിപ്പിച്ചു എന്ന് *നിരണം ഗ്രന്ഥവരി* സാക്ഷിക്കുന്നു.[2] ആ വിശ്വാസ പ്രഖ്യാപനമാണ് ഇന്ന് മലങ്കരയിൽ നിലവിലിരിക്കുന്നത്. ഇതിൽ നോമ്പിനെപ്പറ്റി ചെങ്ങന്നൂർ സുന്നഹദോസിൽ ഉണ്ടായ മാറ്റങ്ങൾ ആണ് ഇവിടെ ചിന്തയ്ക്ക് വിഷയമാക്കുന്നത്.

**ഉദയംമ്പേരൂർ സുന്നഹദോസിന് മുൻപുള്ള നസ്രാണികളുടെ നോമ്പ് ചിന്തകൾ**

നസ്രാണികളുടെ മതവിശ്വാസാചാരങ്ങൾ പതിനഞ്ചാം നൂറ്റാണ്ടുവരെ പൗരസ്ത്യ പേർഷ്യൻ സുറിയാനി സഭയോടു ബന്ധപ്പെട്ടതായിരുന്നു.[3] എ.ഡി 325-ൽ കൂടിയ നിഖ്യാ സുന്നഹദോസിൽ വേദവിപരീതത്തിനെതിരെ എടുത്ത തീരുമാനങ്ങൾ എല്ലാ സഭകളിലും (റോമാ, അലക്സാന്ത്രിയ, കുസ്തന്തീനോസ് അന്ത്യോഖ്യാ പേർഷ്യാ തുടങ്ങിയവ ) ശക്തിയായി പ്രചരിച്ചിരുന്നു. എഡി 451-ലെ കൽക്കദോന്യ സുന്നഹദോസ് മുതലുള്ള പൊതു സുന്നഹദോസുകളെ അംഗീകരിക്കാത്ത സഭകളുടെ (ഓറിയന്റൽ ഓർത്തഡോക്സ്) ചിന്തയും വേദശാസ്ത്രവും റോമാ സഭയിൽനിന്നും വിഭിന്നമാണ്. പേർഷ്യൻ സഭയോടൊപ്പം മലങ്കര സഭയും റോമൻ ചിന്തയിൽ നിന്ന് വിഭിന്നമായ സഭകളുടെ ഗണത്തിലായതിനാൽ ഇവിടെ നിലനിന്നിരുന്ന വേദശാസ്ത്രവും, ആചാരാനുഷ്ഠാനുങ്ങളും പൗരസ്ത്യ സഭാ മാതൃകയിൽ ഉള്ളതായിരുന്നു. നോമ്പിനെക്കുറിച്ചുള്ള ചിന്തകളും റോമൻ സഭയിൽ ഉള്ളതിനേക്കാൾ ശക്തമായിരുന്നു. കൊടുങ്ങല്ലൂരിൽ 1301-ൽ പകർത്തിയെഴുതിയ പൗരസ്ത്യ സിറിയൻ പാരമ്പര്യം ഘോഷിക്കുന്ന വേദവായന ക്കുറുപ്പിൽ നസ്രാണികളുടെ ഇടയിൽ അന്ന് നിലവിലിരുന്ന നോമ്പിനെപ്പറ്റി പരാമർശനമുണ്ട്.

*നിരണം ഗ്രന്ഥവരി*യിൽ മാർ ഈവാനിയോസിന്റെ പ്രബന്ധങ്ങളിൽ അക്കമിട്ടെതിർക്കുന്ന റോമൻ കാത്തോലിക്കാവിശ്വാസ ചിന്തകൾ 1599 -നു മുമ്പ് ഇവിടെ നിലവിലില്ലായിരുന്നു. പൂർണ്ണമായും പൗരസ്ത്യ സഭയായിരുന്ന മലങ്കരയിൽ അന്ന് നോമ്പ് ആരംഭിച്ചിരുന്നത് സന്ധ്യ മുതലായിരുന്നു. 1599-നു മുമ്പ് ബാബിലോണിലെ കാതോലിക്കോസിനെ സഭ ആത്മീയ പിതാവായി അംഗീകരിച്ചിരുന്നു അദ്ദേഹത്താൽ അയയ്ക്കപ്പെടുന്ന പേർഷ്യൻ മെത്രാൻ *ഇന്ത്യയൊക്കെയുടെയും വാതിൽ* എന്ന പേരിൽ നസ്രാണികളുടെ ആത്മീയ അധ്യക്ഷനായിരുന്നു. പൗരസ്ത്യ കൽദായ സുറിയാനി (പേർഷ്യൻ സഭ) സഭയുടെ ആരാധനാക്രമങ്ങളും വേദശാസ്ത്രവും സഭ അംഗീകരിച്ചിരുന്നു. അതിൽ പ്രകാരം നോമ്പ് അനുഷ്ഠാനവും ഉപവാസ പ്രക്രിയയും വളരെ ശക്തമായി മലങ്കര സഭയിൽ പ്രചാരത്തിലിരുന്നു.

ഗുണ്ടർട്ട് പറയുന്നത് പോർട്ടുഗീസുകാർ ഇന്ത്യയിൽ പലതരത്തിലുള്ള നോമ്പ് നിലവിലിരുന്നതായി കണ്ടു അതിൽ പ്രധാനപ്പെട്ടത് ജൂലൈ 3-ന് ആഘോഷിക്കുന്ന നോമ്പും പെരുന്നാളും ആയിരുന്നു എന്നാണ്.[4] ഇന്ത്യക്കാരനായ ജോസഫ് (Joseph the Indian) മലങ്കരയിൽ നിലവിലിരുന്ന രീതിയെപ്പറ്റി ഇപ്രകാരം പറയുന്നു. ... *They observe the lent and advent with fasts and prayers, with very great diligence among other things, From Good Friday until the day of Easter, they abstain from all food. During the year they celebrate the following feasts. First, the sacred day of Resurrection with following two days. They observe the octave of Easter with more festively than any other; for they affirm that on that day St. Thomas about whom they are very zealous, put his head in the side of our Lord and recognized that he was not a phantom. After that, the day on which Christ ascended into heaven is observed very specially. After this the feast of Trinity, of the assumption of the blessed Virgin, her nativity and purification, The nativity of our savoir and the Epiphany and of all the Apostles and the Sundays. And the first of July is celebrated with great solemnity by Christians as well as by the gentles in memory of St. Thomas. ...*[5]

ഈ വിവരണത്തിൽനിന്ന് 16-ാം നൂറ്റാണ്ടിൽ ഉദയമ്പേരൂർ സുന്നഹദോസിനു മുമ്പ് മലങ്കര നസ്രാണികൾ അനുവർത്തിച്ചിരുന്ന നോമ്പിന്റെ ക്രമത്തേപ്പറ്റി മനസ്സിലക്കാം. നോമ്പ് മത്സ്യാമാംസാദികൾ ഉപേക്ഷിച്ച് പ്രാർത്ഥനയിലും ധ്യാനത്തിലും ദൈവസന്നിധിയിൽ കഴിയുന്നതാണ് ഉപവാസവും, പ്രാർത്ഥനയും, നോമ്പും ദാനധർമ്മവും അപ്പോസ്തോലിക കാലം മുതൽ മലങ്കരയിൽ ഉണ്ടായിരുന്നു. സന്ധ്യവരെ ഭക്ഷണം

വെടിഞ്ഞ് ഉപവസിക്കുന്ന രീതിയാണ് മലങ്കര സഭയിൽ നിലനിന്നിരുന്നത്. ഇതുതന്നെയായിരുന്നു പാരമ്പര്യവും. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് വളരെയേറെ നോമ്പു ദിവസങ്ങൾ ഉണ്ടായിരുന്നു. ക്രിസ്തുമസ്സിനു മുമ്പുള്ള 24 ദിവസത്തെ നോമ്പ്, അമ്പതു നോമ്പിന് രണ്ടാഴ്ച മുമ്പുള്ള മൂന്നുനോമ്പ്, ഉയിർപ്പു തിരുന്നാളിന് മുമ്പ് 49 ദിവസത്തേക്കുള്ള നോമ്പ്, ക്രിസ്തുമസിനുശേഷം 12 വെള്ളിയാഴ്ചകളിലുള്ള നോമ്പ്, മറുരൂപ തിരുന്നാളിന്റെ തലേദിവസത്തെ നോമ്പ് മാതാവിന്റെ ജനനപ്പെരുന്നാളിന് മുമ്പ് ഏഴ് ദിവസത്തെ നോമ്പ് എന്നിവ നസ്രാണി പാരമ്പര്യത്തിന്റെ ഭാഗമാണ്.[6]

ഭാരത സംസ്ക്കാരത്തിന് അനുയോജ്യമായ ആദ്ധ്യാത്മികതയായിരുന്നു മലങ്കര നസ്രാണികൾ അനുവർത്തിച്ചിരുന്നത്. സ്മിർണയിലെ എപ്പിസ്ക്കോപ്പയായിരുന്ന പോളികാർപ്പോസ് (*Polycarpose*) രണ്ടാം ശതകത്തിൽ ഫിലിപ്യർക്ക് എഴുതുന്നത്. ... *നിങ്ങൾ തിങ്കൾ വ്യാഴം ദിവസങ്ങളിൽ ഉപവസിക്കരുത്. എന്നാൽ ബുധൻ വെള്ളി ദിവസങ്ങളിൽ ഉപവസിക്കണം* ... എന്നാകുന്നു. ഈ ചിന്ത പുരാതന നസ്രാണികളുടെ ഭാഗമായിരുന്നു. പൗരസ്ത്യ സഭാ പാരമ്പര്യമനുസരിച്ച് ദിവസം ആരംഭിക്കുന്നത് സന്ധ്യമുതലാണ് (ശനിയാഴ്ച സന്ധ്യയിൽ ഞായറാഴ്ച ദിവസം ആരംഭിക്കുന്നു.) 50 days lent, fast of the assumption, fast of the Ninvities, Fast before the nativity of our Lady, fast of the Wednesdays and Fridays, fast of 12 Fridays after Christmas, fast of Elias, fast of virgins, fast of transfiguration, the vigil fast of the nativity of our Lord, Pentecost, Ascension, Assumption, Hormisdas and the patrons of the respective churches etc. തുടങ്ങിയവ കണക്കാക്കിയാൽ ഒരു വർഷത്തിൽ 290 ദിവസവും മലങ്കര സഭയിൽ നോമ്പിന്റെ കണക്കിൽ വിശ്വാസികൾ കഴിഞ്ഞിരുന്നു എന്നു വ്യക്തമാക്കുന്നു.

ഉദയംപേരൂർ സുന്നഹദോസ് കാനോനാകളിൽ കാണുന്നത് ... *മലങ്കര മെത്രാന്റെ എടവകയിലുള്ള നസ്രാണികളുടെ പഴയ മാർഗ്ഗത്തിലെ യൂതന്മാരുടെ മരിയാത ആകുന്ന മരിയാത ഉണ്ടായിരുന്നു. അത ആകുന്നത, നൊയമ്പുകളെയും ഞായാറാഴ്ചകളുടെയും, പെരുന്നാളുകളുടെയും ദെവസത്തിന്റെ പകർച്ച സന്തിക്ക തൊട്ട ആകുന്നത* ...[7] എന്നാണ്. ഇതിൽ നിന്ന് നസ്രാണികളുടെ നോമ്പ് ദിവസം സന്ധ്യ മുതൽ സന്ധ്യവരെ ആയിരുന്നു എന്ന് വ്യക്തമാണ്. ബുധനാഴ്ച കർത്താവിനെ ബന്ധിക്കുകയും, വെള്ളിയാഴ്ച കുരിശിൽ തറയ്ക്കുകയും ചെയ്തതിന്റെ ഓർമ്മയ്ക്കായി ഈ ദിവസങ്ങളിൽ അവർ നോമ്പു നോൽക്കുകയും ചെയ്തിരുന്നു.

എന്നാൽ മലങ്കരയിൽ ഉള്ള രീതികളെ പാടെ മാറ്റുവാൻ പോർത്തുഗീസുകാരുടെ കാലത്ത് ശ്രമിക്കുകയും മലങ്കര സഭയെ ലത്തീൻവത്ക്കരണത്തിലേക്ക് നയിക്കുകയും ചെയ്തപ്പോൾ ഇവിടെ നിലനിന്നിരുന്ന ആചാരമര്യാദകളെ മാറ്റി മറിക്കുവാൻ ഇടയായി. *നിരണം ഗ്രന്ഥവരി* പറയുന്നത് ... *മലയാളത്തിലുള്ള പള്ളിക്കാറരെ ഒക്കെയും ഉതിയൻപെരൂരിൽ കൂട്ടി സുറിയാനി മര്യ്യാദകളൊക്കയും നീക്കി പറങ്കി മര്യ്യാദ നടത്തുകയും ചെയ്തു* ...[8] എന്നാണ്.

**ഉദയംപേരൂർ സുന്നഹദോസും മാറ്റങ്ങളും:**

ഉദയംപേരൂർ സുന്നഹദോസ് പല മാറ്റങ്ങൾ നടപ്പിൽ വരുത്താൻ ശ്രമിച്ചു. ബുധനും വെള്ളിയും നോമ്പ് നോക്കുന്നത് അന്നും നസ്രാണികളുടെ പാരമ്പര്യമായിരുന്നു. നോമ്പു നോക്കുന്നത് ജീവിതചര്യയായി കരുതിയിരുന്ന മലങ്കരയിൽ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ പല നോമ്പുകളും ആവശ്യമില്ലെന്നും, ചില അധിക നോമ്പുകൾ അനുഷ്ഠിക്കണമെന്നും പറയുന്നു. കൂടാതെ ചില നോമ്പുകൾ കൂട്ടിച്ചേർക്കുകയും ചെയ്തു.[9] കൂടാതെ നോമ്പും മറ്റും ആചരിക്കുന്ന സമയക്രമത്തിലും ഉദയംമ്പേരൂർ സുന്നഹദോസ് മാറ്റം വരുത്തി. ... *എന്നാൽ ശുദ്ധമാന സുന്നഹദോസ അറിയിക്കുന്നു, കൊള്ളെണ്ടും ദിവസത്തിന്റെ പകർച്ചയും നൊയമ്പിന്റെ പകർച്ചയും പാതിരായ്ക്കു തൊട്ടത്രെ ആകുന്നു എന്നു. ഞായറാഴ്ച നാൾ പാതിരാ ചെന്ന ഞായാറാഴ്ച്ചടെ ഫലം തിംങ്കളാഴ്ചടെ ഫലം തൊടങ്ങു. ഇതിനെ പള്ളികളിൽ നിക്കുന്ന വിഗാരിമാര വഴിയെ സൂക്ഷിച്ചു കാത്തുകൊള്ളണം* ... എന്ന് ഉദയംപേരൂർ സുന്നഹദോസ് കാനോനായിൽ കാണുന്നു.[10]

ഉദയംപേരൂർ സുന്നഹദോസ് മലങ്കരയിൽ നിലനിന്നിരുന്ന പല ചിന്തകളേയും മാറ്റിക്കുറിച്ചു. ദിവസം ആരംഭിക്കുന്നത് പാതിരാ മുതലാണെന്ന് നിഷ്ക്കർഷിച്ചു. നസ്രാണികളുടെ പൗരസ്ത്യരീതി അനുസരിച്ച് വലിയ നോമ്പ് തിങ്കളാള്ച ആരംഭിക്കും എന്നാൽ സുന്നഹദോസിനുശേഷം റോമാക്കാരുടെ അനുഷ്ഠാനമാകുന്ന *കുരിശ്ശുവര പെരുന്നാളോടു*കൂടെ (Ash wedensday) നോമ്പ് ആരംഭിക്കുന്നതായി വിധിച്ചു. ബുധനും വെള്ളിയോടുമൊപ്പം ശനിയാഴ്ചയും നോമ്പ് നോക്കണം എന്ന് നിഷ്ക്കർഷിച്ചു നോമ്പ് ദിവസങ്ങളിൽ മുട്ട, പാൽ,

ഇറച്ചി, മീൽ, വീഞ്ഞ് ആദിയായവ ഉപേക്ഷിക്കണമെന്ന് കാനോനാകളിൽ കാണുന്നു 1599–നു ശേഷം മലങ്കരയിൽ സംജാതമായ ലത്തീൻ മതനേതൃത്വത്തിന്റെ കീഴിൽ റോമൻ കാത്തോലിക്കാ മിഷണറിമാരും അധികാരികളും മലങ്കരയിൽ ലത്തീൻ ചിന്തകളെ പ്രതിഷ്ഠിക്കുവാൻ ശ്രമിച്ചു. കുറെയൊക്കെ അത് നടപ്പിൽ വരുത്തുകയും ചെയ്തു.

സുന്നഹദോസിനുശേഷം ഉണ്ടായ ചിന്തകൾ ഉദയംപേരൂർ സുന്നഹദോസ് കാനോനാകൾക്ക് വിധേയമായിട്ടായിരുന്നു. ബാബിലോണുമായി അഥവാ പേർഷ്യൻ സഭയുമായിട്ടുണ്ടായിരുന്ന മലങ്കര ബന്ധം നിരോധിച്ചു മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാന്മാരെ പോർത്തുഗീസു രാജാവിന്റെ അനുമതിയോടെ പോപ്പ് നിയമിക്കണമെന്ന് വ്യവസ്ഥയുണ്ടാക്കി, പാശ്ചാത്യ ചിന്തയിലേക്ക് ജനങ്ങളെ കൊണ്ടുപോകാൻ ശ്രമിച്ചു. ലത്തീൻ ആരാധനാക്രമം സുറിയാനിയിലാക്കി മലങ്കരയിൽ പ്രചരിപ്പിച്ചു. വിശുദ്ധന്മാരുടെയും വിശുദ്ധകളുടേയും രൂപങ്ങൾ ദേവാലയത്തിൽ വയ്ക്കണം എന്ന് നിർബന്ധിച്ചു. പട്ടക്കാരോട് പാപങ്ങൾ ഏറ്റുപറയുന്ന രീതി നടപ്പിലാക്കി. സാമൂഹിക്മായ പല മാറ്റങ്ങളും നടപ്പിലാക്കി. പിൻതുടർച്ചാവകാശ നിയമത്തിന്റെയുംമറ്റും രംഗത്ത് പല മാറ്റങ്ങളും നടപ്പിലാക്കി. മൊത്തത്തിൽ പല മാറ്റങ്ങളും ലത്തീൻവത്ക്കരണത്തിലൂടെ സാധിച്ചു.

മലങ്കര നസ്രാണികളുടെ അഭിമാനത്തേയും പൈതൃകത്തേയും ചോദ്യം ചെയ്യുകയും മതവിശ്വാസങ്ങളെ മാറ്റി മറിക്കുകയും ചെയ്ത ഈശോസഭയ്ക്ക് (Jesuits - Society of Jesus) മലങ്കര അർക്കദയാക്കോന്റെ നേതൃത്വത്തിലുള്ള എതിർപ്പുകളെ നേരിടേണ്ടതായി വന്നു. ഇതിന്റെ പരിണിത ഫലമായി 1653–ൽ മലങ്കരസഭയെ വിദേശമേധവിത്വത്തിൽ നിന്ന് പൂർണ്ണമായി വിമോചിപ്പിക്കുവാൻ ഇന്ത്യയിലെ ആദ്യത്തെ വിദേശശക്തികൾക്കെതിരെയുള്ള വിപ്ലവമായ കൂനൻ കുരിശുസത്യം നടന്നു. 1599 മുതൽ 1653 വരെയുള്ള റോമൻ നുകത്തിൽ നിന്ന് മലങ്കരയ്ക്ക് അതോടെ സ്വാതന്ത്ര്യം ലഭിച്ചു,

എന്നാൽ കൂനൻകുരിശു സത്യത്തിന് ശേഷം റോമാ ആധിപത്യം ഉപേക്ഷിച്ച മലങ്കരസഭയുടെ വിശ്വാസാചാരങ്ങളിൽ കാര്യമായ ഒരു മാറ്റവും പെട്ടെന്നുണ്ടായില്ല. വൈദീകർക്ക് വിവാഹം ചെയ്യുന്നതിനുള്ള വിലക്ക് നീക്കി എന്നതൊഴിച്ച് മറ്റൊരു മാറ്റവും ഉണ്ടായില്ല എന്നും പറയുന്നു. ചുരുക്കത്തിൽ *ഭരണം നാട്ടു മെത്രാന്* എന്നതൊഴികെ റോമാ സുറിയാനിക്കാരും മലങ്കര നസ്രാണികളും തമ്മിൽ ഇക്കാലത്ത് വലിയ വിത്യാസമൊന്നും ഉണ്ടായിരുന്നില്ല.

മാർതോമ്മാ ഒന്നാമൻ 1670–ൽ കാലം ചെയ്തതിനെ തുടർന്ന് മാർത്തോമ്മാ രണ്ടാമൻ മലങ്കര മെത്രാനായി. 1665 ലെ അന്ത്യോഖ്യൻ ബന്ധത്തോടുകൂടി കൽദായ മെത്രാന്മാർക്ക് മലങ്കരയിൽ ഉണ്ടായിരുന്ന ബഹുമാനം അന്ത്യോഖ്യൻ മെത്രാന്മാർക്ക് ലഭിച്ചു. രണ്ടും മൂന്നും മാർത്തോമ്മാരെ വാഴിച്ചത് മലങ്കര സഭയിൽ മാറ്റങ്ങൾ സൃഷ്ടിച്ചു.[11] രണ്ടാം മാർത്തോമ്മായുടെ കാലത്ത് 1885–ൽ ആണ് മാർ ഈവാനിയോസ് ഹദിയള്ള എന്ന അന്ത്യോഖ്യൻ മെത്രാൻ മലങ്കരയിൽ എത്തുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ അലക്സാൻഡ്രിയൻ വേദശാസ്ത്രം നടപ്പാക്കിയത് ഇദ്ദേഹമാണ്. 1686 ൽ മാർത്തോമ്മാ രണ്ടാമൻ പിൻഗാമിയെ വാഴിക്കാതെ മരണമടഞ്ഞതിന്റെ ശേഷം അന്നു മലങ്കരയിൽ ഉണ്ടായിരുന്ന മാർ ഈവാനിയോസ് ഒരു *മലങ്കര പള്ളിയോഗം* ചെങ്ങന്നൂർ പള്ളിയിൽ വച്ച് കൂടി വിശ്വാസപ്രഖ്യാപനം നടത്തി. പോർത്തുഗീസ് പൂർവ്വകാലം മുതൽ മലങ്കര നസ്രാണികളുടെ ആത്മീകവും ഭൗതീകവുമായ സർവ്വകാര്യങ്ങളിലും അന്തിമതീരുമാനം എടുക്കാൻ അധികാരമുള്ള അത്യുന്നത സമിതിയാണ് *മലങ്കര പള്ളിയോഗം*. എന്നതിനാൽ ആണ് *പള്ളിയോഗം* വിളിച്ച് തീരുമാനമെടുക്കാൻ ഈവാനിയോസ് തയ്യാറായത്. ഉദയംപേരൂർ സുന്നഹദോസ് വിളിക്കാൻ മെനസിസ് തയ്യാറായതും *മലങ്കര പള്ളിയോഗ*ത്തിന്റെ പ്രത്യേകം അധികാരം മൂലമാണ്.

തുടരും...

## കശ്ശീശാ പട്ടം സ്വീകരിച്ചു



ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് ഇടവകാംഗം വടക്കേ ചക്കാലേത്ത് പരേതനായ സി.പി. ജോർജ്ജിന്റെയും ഏലിയാമ്മ ജോർജ്ജിന്റെയും മകൻ ഡീക്കൻ ഫിലിപ്പ് ജോർജ്ജ് 2013 ഓഗസ്റ്റ് 17–ാം തീയതി ഇടവകയിൽ വെച്ച് അഭി. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ മെത്രാപ്പോലീത്താമാരുടെ പ്രധാന കാർമ്മികത്വത്തിൽ കശ്ശീശാ പട്ടം സ്വീകരിച്ചു.



ഏവൻഗേല്യോന്വധ്യാനം

# മെൽത്തോ

ഫാ. ബിജു റ്റി. മാത്യു

**സ്ലീബായ്ക്കുശേഷം ഒന്നാം ഞായറാഴ്ച : വി. മർക്കോസ് 13:28-37**

യേശു തമ്പുരാന്റെ പുനരാഗമനത്തെക്കുറിച്ചുള്ള സൂചനകളും, ഉണർവ്വോടും ആത്മവിശ്വാസത്തോടുംകൂടി രക്ഷാകരമായ ഭാവിയെ പ്രത്യാശാപൂർവ്വം കാത്തിരിക്കുകയും അതേ സമയം വർത്തമാനകാലത്തിലെ കർത്തവ്യങ്ങൾ ഉണർവ്വോടുകൂടി ശ്രദ്ധാപൂർവ്വം നിറവേറ്റുകയും ചെയ്യുക എന്നത് ക്രൈസ്തവ പ്രത്യാശയുടെ കാതലാണെന്നും ഈ വേദഭാഗം പഠിപ്പിക്കുന്നു.

**1) ഉണർന്നിരിപ്പിൻ, പ്രായോഗിക ക്രിസ്തീയ ജീവിതത്തിനുള്ള ആഹ്വാനം :-**

ദൈവാവിഷ്ക്കരണ രംഗങ്ങളിൽ പ്രപഞ്ചത്തെ ഇളക്കി മറിക്കുന്ന അടയാളങ്ങൾ പഴയ നിയമത്തിൽ കാണാം. യെശയ്യാവ് 13:10, 34:4, യോവേൽ 2:10, 3:15,16 വെളിപാട് 6:12-17 പുതിയ നിയമത്തിൽ മനുഷ്യപുത്രന്റെ വരവ് ആകസ്മികമാണെന്നും ആ നാളും നാഴികയും സംബന്ധിച്ച് പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല എന്നും കാണുന്നു. ഈ പശ്ചാത്തലത്തിൽ യേശു തമ്പുരാൻ കല്പിക്കുന്ന 4 മുന്നറിയിപ്പുകളിൽ ഒന്നാണ് 'ഉണർന്നിരിപ്പിൻ' എന്നത് 1) വ്യാജ ക്രിസ്തുക്കളെ സൂക്ഷിക്കുക. 2) ശിഷ്യന്മാർ യേശുവിനുവേണ്ടി സഹിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ. 3) വ്യാജ ഉപദേഷ്ടാക്കളാൽ വഴിതെറ്റിപ്പോകാതിരിക്കാനുള്ള മുന്നറിയിപ്പ്. 4) യുഗാന്ത്യത്തിന്റെ സമയം അജ്ഞാതമാകയാൽ 'ഉണർന്നിരിപ്പിൻ' എന്ന മുന്നറിയിപ്പ്. അത്തിമരത്തിന്റെ ഉപമയിലൂടെയും പ്രായോഗിക ജീവിതത്തിന്റെ ചില കാര്യങ്ങളിലൂടെയും ഈ ആശയം കുറേക്കൂടി ശക്തമാക്കുകയാണിവിടെ. ഗൃഹനാഥൻ മടങ്ങിവരുന്ന സമയം അറിയാതെ ഉണർന്നു കാത്തിരിക്കുന്ന വാതിൽ കാവൽക്കാരനെപ്പോലെ ഏല്പിച്ചിരിക്കുന്ന ജോലി വിശ്വസ്തമായി ചെയ്തുകൊണ്ട് ഉണർന്നിരിക്കുക എന്നത് ആവർത്തിച്ചിരിക്കുകയാണ്.

പ്രപഞ്ച ദുരന്തങ്ങൾ, യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ, പട്ടിണി, വലിയയാതന, അടയാളങ്ങൾ ഇതെല്ലാം മുഖാന്തിരം ശിഥിലമാക്കപ്പെടുന്ന ലോകത്തിന്റെ ഒരു ചിത്രവും ചരിത്രവുമാണ് കാണിക്കുന്നത്. ഇവിടെ നാം പരീക്ഷണങ്ങളിലും പ്രലോഭനങ്ങളിലും പീഡനങ്ങളും നിമിത്തം ക്രിസ്താനുഭവത്തിൽ നിന്ന് അകലാതെ മഹത്വപൂർണ്ണനായ മനുഷ്യപുത്രനെ പ്രതീക്ഷിച്ചുകൊണ്ട് പ്രത്യാശയോടെ ജാഗരൂകരായിരിക്കണം. പ്രപഞ്ചത്തിലെ ദുരന്തങ്ങളും അനർത്ഥങ്ങളും ദൈവീക മർമ്മങ്ങളെ ഗ്രഹിക്കുവാനുള്ള മുഖാന്തിരങ്ങളായി കണ്ട്, ദൗത്യത്തിന്റെ വിശാലമായ മാനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് യുഗാന്ത്യത്തെപ്പറ്റിയുള്ള പരിജ്ഞാനത്തിലൂടെ ജീവിതത്തെ ക്രമീകരിക്കുവാൻ നമുക്ക് കഴിയണം.

**2. ക്രിസ്തുവിന്റെ പുനരാഗമനത്തെ ലക്ഷ്യം വച്ചുകൊണ്ട് ക്രിസ്തീയ ജീവിതത്തെ ക്രമീകരിക്കുവാനുള്ള 3 ആഹ്വാനങ്ങൾ:-**

1) ദൈവവചനവും ക്രിസ്തീയ ജീവിതവും:- "ആകാശവും ഭൂമിയും നശിച്ചുപോകും എന്നാൽ എന്റെ വചനങ്ങൾ നിലനിൽക്കും.'' വി. മർക്കോസ് 13:30

2) പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ മനോഭാവങ്ങൾ രൂപവത്ക്കരിക്കുക. 2 തെസ്സ 31:1–7

3) ശുശ്രൂഷയിലൂടെ പ്രകാശിതമാകുന്ന ക്രിസ്തീയ കാര്യവിചാരകത്വം. വി. മർക്കോസ് 13:35–37

അലസന്മാരായിരിക്കുന്നവരെയല്ല ഉണർവ്വോടും ഉന്മേഷത്തോടും ഉത്സാസത്തോടും ഉത്തരവാദിത്വത്തോടും ജോലി ചെയ്യുന്നവരെയും ചെയ്തവരെയും ദൈവം തന്റെ ദൗത്യ നിർവ്വഹണത്തിൽ പങ്കാളികളാക്കും എന്നത് ഇവിടെ അന്തർലീനമാണ്. കർമ്മനിരതരായിരിക്കുന്നവരെയും ജാഗരൂകരായിരിക്കുന്നവരെയും സാധാരണ ജീവിത മേഖലകളിൽ ദൈവീകശുശ്രൂഷയിലേക്കും ദൈവം തെരഞ്ഞെടുക്കുന്നുണ്ട്.

a) മോശയെ ആടുകളെ നോക്കുന്ന ജീവിതക്രമത്തിൽ നിന്ന് യിസ്രായേലിന്റെ വിമോചകനാക്കുന്നു.

b) ഗോതമ്പ് മെതിക്കുന്ന സാധാരണ ജോലിയിൽ നിന്ന് ഗിദയോനെ ന്യായാധിപ പദവിയിലേക്ക് നിയമിക്കുന്നു.

c) ദൈവാലയത്തിലെ ശുശ്രൂഷാ മണ്ഡലത്തിൽ നിന്ന് ശമുവേലിനെ പ്രവാചക ഗണത്തിലേക്ക് നയിക്കുന്നു.

d) ഏലീശാ പ്രവാചകൻ കാളകളെ പൂട്ടുന്ന സാധാരണ പ്രവർത്തന മേഖലയിൽ നിന്ന് പ്രവാചക വൃത്തിയിലേക്ക് വിളിക്കപ്പെടുന്നു. ഇതെല്ലാം തന്നെ സൃഷ്ടിയുടെ സമഗ്ര വിമോചനത്തിനായുള്ള പ്രവർത്തനങ്ങളാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിനായി പ്രത്യാശയോടെ കാത്തിരുന്ന് ഏൽപിക്കപ്പെട്ട കാര്യവിചാരകത്വത്തിലൂടെ സൃഷ്ടിയുടെ സമഗ്ര വീണ്ടെടുപ്പിനായി പ്രവർത്തിക്കാം.

**സ്ലീബായ്ക്കുശേഷം രണ്ടാം ഞായറാഴ്ച : വി. മത്തായി 16:5–12**

പരീശന്മാരുടെയും സാദൂക്യരുടെയും ദുഷ്പ്രവണതകൾക്കെതിരെ യേശു തമ്പുരാൻ സനാതനവും നിത്യനൂതനവുമായ പ്രബോധനത്തിലൂടെ, സാഹചര്യത്തെ ആത്മീയ പഠനശാലയാക്കി മാറ്റുന്ന സന്ദർഭമാണിത്.

1) പരീശന്മാരുടെ സ്വതന്ത്രചിന്തയുടെ പ്രമത്തതയും ലളിത വത്കരിക്കപ്പെടുന്ന ക്രിസ്തുവിന്റെ ഉപദേശങ്ങളും:–

വി. മത്തായി 16:5 യേശു അവരോട് നോക്കുവിൻ, “പരീശന്മാരുടെയും സാദൂക്യരുടെയും പുളിപ്പ് സൂക്ഷിച്ചു കൊൾക.” ആരാണ് പരീശൻ? മറുജാതികളുമായി കൂടി ചേരാതെ വേർതിരിച്ചു നിന്ന് മറ്റ് യഹൂദ സമൂഹത്തിന്റെ പ്രത്യേക ഉപദേശങ്ങളെ അക്ഷരപ്രകാരം പാലിക്കുന്നതിന് ശ്രമിക്കുന്നവരായിരുന്നു. ന്യായപ്രമാണത്തെ അക്ഷരം പ്രതി പാലിക്കുന്നതിൽ ശ്രദ്ധിച്ചിരുന്ന പരീശന്മാർ മതകാര്യങ്ങളിൽ സ്വതന്ത്രചിന്ത അനുവദിച്ചിരുന്നില്ല. മോശയുടെ കാലം മുതൽ നിലനിൽക്കുന്ന പാരമ്പര്യങ്ങൾ (Oral Traditions) അവർക്കുണ്ടായിരുന്നു. സാദൂക്യർ യഹൂദമതത്തിലെ നവീകരണക്കാർ എന്ന് പറയപ്പെടുന്നു. ആത്മാവിന്റെ അമർത്യത, പുനരുത്ഥാനം, ഭാവിയിലുള്ള ശിക്ഷയും രക്ഷയും, ദൂതന്മാരിലും ആത്മാക്കളിലുമുള്ള വിശ്വാസം എന്നിവ സാദൂക്യർ നിഷേധിച്ചിരുന്നു. മതകാര്യങ്ങളിൽ സ്വതന്ത്രചിന്തയ്ക്കും യുക്തിയ്ക്കും പ്രാധാന്യം കല്പിച്ചിരുന്നു.

‘പുളിപ്പ്’ സൂക്ഷിച്ചുകൊള്ളണമെന്ന് യേശു തമ്പുരാൻ ഉപദേശിക്കുമ്പോൾ യാത്രയിൽ അപ്പം എടുക്കുവാൻ മറന്നുപോയതോ എന്ന് ശിഷ്യന്മാർ സംശയിക്കുകയാണിവിടെ. ഉപദേശങ്ങളുടെ ആഴമായ മർമ്മം ഗ്രഹിക്കപ്പെടാതെ ക്രിസ്തുവിന്റെ ഉപദേശങ്ങൾ ലളിതവത്ക്കരിക്കപ്പെടുകയാണ്. ക്രിസ്തു സന്ദേശം ലളിതവത്ക്കരിക്കപ്പെട്ട പല സന്ദർഭങ്ങളും ഉണ്ട്. വി. യോഹന്നാൻ 3:4. വീണ്ടും ജനിക്കണമെന്ന് പറഞ്ഞപ്പോൾ നിക്കോദിമോസ് കരുതി അമ്മയുടെ ഗർഭത്തിൽ വീണ്ടും ജനിക്കണമെന്ന്.

വി. യോഹന്നാൻ 4:11 ശമര്യാക്കാരത്തി സ്ത്രീയോട് നിത്യജീവന്റെ അനുഭവത്തെക്കുറിച്ച് യേശു പറഞ്ഞപ്പോൾ കിണറിലെ വെള്ളത്തെക്കുറിച്ച് പറഞ്ഞതാണെന്നു വിചാരിച്ചു. വി. യോഹ. 6:5 സുന്നഗോഗിൽ കൂടിയ യഹൂദർ കരുതി, മനുഷ്യശരീരത്തിലെ രക്തവും മാംസവുമാണ് ഭക്ഷിക്കേണ്ടത് എന്ന്.

ഈ കാലഘട്ടത്തിൽ മതഭക്തി, മതവിശ്വാസം, മതാചാരം ഇവ ഉണ്ടെന്ന് പറഞ്ഞിട്ട് എന്ത് കാര്യം? കർമ്മാനുഷ്ഠാനങ്ങളും പ്രാർത്ഥനകളും വെറും ബാഹ്യാനുഷ്ഠാനങ്ങളായും ജല്പനങ്ങളായും ആയിമാത്രം പരിഗണിക്കാതെ ആത്മീയപ്രകാരമായിരിക്കുന്നതിന് നാം സൂക്ഷിക്കണം. യേശു തമ്പുരാൻ നൽകിയ ഉൾബോദ്ധ്യങ്ങളും ആത്മീയ സന്ദേശങ്ങളും യഥാർത്ഥവൽക്കരിക്കപ്പെടുമ്പോഴാണ് വിശ്വാസത്തിൽ വളരുവാനും വിശ്വാസത്തിന്റെ സംരക്ഷകരാകുവാനും വിശ്വാസജീവിതത്തിന്റെ സാക്ഷികളാകുവാനും നമുക്ക് കഴിയുന്നത്.

**കപടഭക്തി പ്രകടനങ്ങളും കാതലായ വിശ്വാസ ജീവിതവും:**

**എന്താണ് പരീശന്മാരുടെ പുളിച്ചമാവ് ?**

കപടഭക്തി പ്രകടനം (വി. മത്തായി 23–ാം അദ്ധ്യായം) നിഗളം, ആത്മാവില്ലാത്ത ബാഹ്യാചാര പ്രകടനം, ആത്മീയമല്ലാതെ അക്ഷരപ്രകാരമുള്ള വർത്തമാനരീതി. സാദൂക്യരുടെ പുളിച്ചമാവ്: ലൗകീക ചിന്താഗതിയുടെയും ഹാസ്യാത്മകമായ അവിശ്വാസങ്ങളുടെയും ആകെത്തുകയാണ്.

ഈ അനുഭവത്തിൽ നിന്നുകൊണ്ട് ശിഷ്യന്മാർക്ക് യഥാർത്ഥമായി ക്രിസ്തുവിന്റെ ഉപദേശങ്ങളെ ഗ്രഹിക്കുവാൻ കഴിയാതെ വന്നപ്പോൾ യേശു തമ്പുരാൻ അവരെ സംബോധന ചെയ്യുന്നത് ‘അല്പവിശ്വാസികളെ’ എന്നു പറഞ്ഞുകൊണ്ടാണ്.”വി. മത്തായിയുടെ സുവിശേഷത്തിൽ ഈ

പദം ആവർത്തിച്ചുകാണുന്നുണ്ട്. (8:26; 14:31; 16:8; 17:20) അല്പവിശ്വാസത്തെ 'ഉത്കണ്ഠ' എന്ന അർത്ഥത്തിലാണ് യഹൂദർ മനസ്സിലാക്കിയിരുന്നത്. ഇന്നത്തേക്ക് ഭക്ഷണമുള്ളവൻ നാളെ എന്ത് കഴിക്കും എന്ന് വ്യഗ്രതപ്പെട്ടാൽ അത് അല്പവിശ്വാസമാണെന്ന് റബ്ബി ഏലിയാസർ നിർവ്വചിക്കുന്നുണ്ട്. "ഇവിടെ യേശു തമ്പുരാൻ ചോദിക്കുന്ന ഒരു കാര്യം" 5 അപ്പം 5000 പേർക്ക് കൊടുത്തതും 7 അപ്പം 4000 പേർക്ക് കൊടുത്തിട്ട് എത്ര മിച്ചം എടുത്തു എന്നുള്ളതും നിങ്ങൾ ഓർക്കുന്നില്ലയോ? ശിഷ്യന്മാരുടെ വിശ്വാസ സ്ഥിരീകരണത്തിനു വേണ്ടി യേശു തമ്പുരാൻ മുമ്പു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും വീണ്ടും ഫലിക്കുമോ? എന്ന് ചിന്തിക്കുന്നത് അവിശ്വാസത്തിന്റെ അടയാളമാണ്. നമ്മുടെ അല്പവിശ്വാസം കൊണ്ട് ദൈവീക പദ്ധതിയിലുള്ള നടത്തിപ്പുകളും ദൈവപരിപാലന മാർഗ്ഗങ്ങളും ഉൾക്കൊള്ളാൻ കഴിയാതെ പോകുകയാണ്. എത്ര കുട്ട അപ്പം മിച്ചം എടുത്തു എന്ന് ആവർത്തിച്ചു ചോദിക്കുമ്പോൾ ഭൂമിയിലുള്ള ദൈവീക സമൃദ്ധി ഏവർക്കും അവകാശപ്പെട്ടതാണെന്ന് വചനഭാഗം പഠിപ്പിക്കുന്നു.

**സ്ലീബായ്ക്കുശേഷം മൂന്നാം ഞായറാഴ്ച : വി. മർക്കോസ് 2:23-28**

യേശു തമ്പുരാൻ ശാബതു ദിവസത്തിന്റെ പരിപാവനതയെ യഹൂദ മതാചാരങ്ങളനുസരിച്ച് പാലിക്കുന്നില്ലെന്ന് യഹൂദന്മാർ കുറ്റം ചുമത്തിയപ്പോൾ, ശാബതാചരണം എന്താണ്, അതിന്റെ പ്രാധാന്യം എന്താണ് എന്ന് പഠിപ്പിക്കുന്ന വേദഭാഗമാണിത്.

**1) അനുഷ്ഠാനപരതയിൽ ഒതുങ്ങുന്ന മതാത്മകതയോ? ദൈവഹിതത്തോടുള്ള പ്രതിബദ്ധതയോ? പ്രധാനം:-**

എന്താണ് ശാബതാചരണത്തിന്റെ പ്രാധാന്യം? ആറു ദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി 7-ാം ദിവസം വിശ്രമിച്ച ദൈവത്തിന്റെ മാതൃകയാണ് ശാബതാചരണത്തിന് അടിസ്ഥാനം (ഉല്പ. 2:2-3). യഹോവയും തന്റെ സ്വന്ത ജനമായ യിസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അടയാളം കൂടിയാണ് ശാബതും അതിലെ നിയമങ്ങളും. ഒരു ശാബതിൽ വിളഭൂമിയിൽകൂടി കടന്നുപോകുമ്പോൾ ശിഷ്യന്മാർകതിരു പറിച്ചു തിരുമ്മി തിന്നു. അത് ശാബതു ലംഘനമാണെന്ന് പരീശന്മാർ കുറ്റപ്പെടുത്തിയപ്പോൾ യേശു തമ്പുരാൻ ശാബതിന്റെ പ്രാധാന്യം എന്താണ് എന്ന് സമർത്ഥിക്കുന്നു.

1. ദാവീദ് എന്താണ് ചെയ്തത് വി. മത്തായി 12:3-4
2. പുരോഹിതന്മാർ എന്തു ചെയ്തു വി. മത്തായി 12: 5-6
3. ഹോശേയ എന്തു പറഞ്ഞു വി. മത്തായി 12:7-8

കർത്താവിന് സമർപ്പിക്കുവാനായി ദേവാലയത്തിന്റെ പൊൻമേശയിലോ വാഗ്ദത്ത പേടകത്തിന്റെ മുമ്പിലോ അർപ്പിക്കുന്ന 12 അപ്പമാണ് കാഴ്ചയപ്പം. എല്ലാ ശാബതു ദിവസവും തിരുസാന്നിദ്ധ്യം അപ്പം തൽസ്ഥാനത്തുനിന്നും മാറ്റി പുതിയവ സമർപ്പിക്കും (1 ശമുവേൽ 21:5-7). ദാവീദ് ദേവാലയത്തിൽ കയറി കാഴ്ചയപ്പം ഭക്ഷിച്ചത് ന്യായീകരിക്കത്തക്കതാവുമ്പോൾ യേശു തമ്പുരാൻ ശിഷ്യന്മാരുടെ പ്രവൃത്തിയെ ന്യായീകരിക്കുകയാണ്. ക്രിസ്തു സാന്നിദ്ധ്യത്തിലൂടെ വിശപ്പടക്കുവാൻ ശ്രമിച്ച ശിഷ്യന്മാരുടെ പ്രവൃത്തി സാധൂകരിക്കപ്പെടുകയാണിവിടെ കാരണം മനുഷ്യന്റെ സുരക്ഷയാണ് മതാചാരങ്ങളുടെയും ശാബതിന്റെയും ലക്ഷ്യം. ദൈവം നൽകിയ ശാബതു നിയമം അതിന്റെ അർത്ഥത്തിലും സാരാംശത്തിലും യേശു തമ്പുരാൻ തള്ളിയില്ല. പിന്നെയോ ദൈവത്തോടുള്ള പ്രതിബദ്ധതയിൽ നിയമത്തെ മനുഷ്യന്റെ ആവശ്യത്തിന് സ്നേഹപ്രമാണത്തിന് വിധേയമാക്കുകയാണ് ചെയ്തത്.

**മതത്തിലെ ആചാരാനുഷ്ഠാനങ്ങളും അവയിലെ ധാർമ്മികതയും :-**

വി. മർക്കോസ് 2:28 "ശാബത് മനുഷ്യനായിട്ടാണ് മനുഷ്യൻ ശാബതിനുവേണ്ടിയല്ല അതുകൊണ്ട് മനുഷ്യപുത്രൻ ശാബതിന്റെയും കർത്താവാകുന്നു." മനുഷ്യന്റെ ധാർമ്മിക നിലവാരം ഉയർത്തുവാനായിട്ടാണ് എല്ലാ നിയമങ്ങളും. ശാബതിലെ നിയമങ്ങളും കർമ്മങ്ങളും ദൈവപുത്രനായ ക്രിസ്തു തന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ശാബതാചരണത്തെ മനുഷ്യനന്മയ്ക്കും പരിരക്ഷയ്ക്കുവേണ്ടിയും പ്രയോജനപ്പെടുകയാണ്. ശാബതിൽ യഹൂദമതവിശ്വാസപ്രകാരം 39 പ്രവൃത്തികൾ ചെയ്യരുത് എന്നതായിരുന്നു. "പുല്ലിൽ നിന്ന് കാകളും മറ്റും ഉതിർന്നുപോകുമെന്നുള്ളതിനാൽ പുല്ലിന്മേൽ ചവിട്ടി നടക്കുന്നത്, അത് മെതിക്കുന്നതിനോട് സമമാകുന്നു. ആണി തറച്ചിട്ടുള്ള ചെരുപ്പുകൾ ധരിക്കരുത്, അത് ഭാരം ചുമക്കുന്നതിനോട് സമമാണ്. കിണറ്റിൽ നിന്നും വെള്ളം കോരി മൃഗങ്ങളെ കിണറ്ററികിലേക്ക് കൊണ്ടുവരണം അല്ലെങ്കിൽ അത് ഭാരം വഹിക്കുന്നതിനോട് സമമാകും. ഇങ്ങനെയുള്ള ഭാരമേറിയതും അർത്ഥശൂന്യവുമായ കാര്യങ്ങൾ പാലിക്കുന്നതിനുള്ള ഒരു ദിവസമല്ല ശാബത് എന്ന് കർത്താവ് ഈ പശ്ചാത്തലത്തിൽ പഠിപ്പിക്കുന്നു. മാത്രമല്ല കർത്താവ് 3 കാര്യങ്ങൾ ന്യായീകരിക്കുന്നു.

1. Works of necessity are lawful on the Sabbath
2. Works of  peity are lawful on the Sabbath
3. Works of mercy are lawful on the Sabbath

സഭയിൽ ശാബതാചരണം ഞായറാഴ്ചയാണ്. യേശുവിന്റെ പുനരുത്ഥാന ദിവസമായ അന്ന് പുതുക്കപ്പെട്ട ദിനമായും വേർതിരിക്കപ്പെട്ട് ദൈവത്തെ ആരാധിക്കുവാനുള്ള ദിവസമായും കാണുന്നു. എന്നാൽ ഇത് അക്ഷരപ്രകാരം അധരജല്പനങ്ങളായിത്തീരാതെ ആത്മീയ പ്രകാരമായി

തിക്കുമ്പോൾ ധാർമ്മിക നിലവാരം ഉയർത്തപ്പെടുകയാണ്. നന്മ ചെയ്യുവാനും മനുഷ്യന്റെ വിലയും മഹത്വവും മനുഷ്യത്വവും തിരിച്ചറിയുവാനും, വിശ്വാസിയുടെ ജീവിതം ആരോഗ്യപ്രദമാക്കുവാനും, സന്തോഷപ്രദമാക്കുവാനും ഞായറാഴ്ച ആചരണം മാർഗ്ഗദീപമാകണം.

**സ്ലീബായ്ക്കുശേഷം നാലാം ഞായറാഴ്ച : വി. ലൂക്കോസ് 16:9-18**

'വഞ്ചകനായ കാര്യസ്ഥൻ' എന്ന ഉപമയ്ക്ക് ശേഷം അനുദിന ജീവിതത്തിൽ ഉത്തരവാദിത്വ ബോധത്തോടും വിശ്വസ്തതയോടും കൂടി പ്രവർത്തിക്കേണ്ട ആവശ്യകതയെക്കുറിച്ചും ധനം കൈകാര്യം ചെയ്യേണ്ട വിധങ്ങളെക്കുറിച്ചും യേശു തമ്പുരാൻ പഠിപ്പിക്കുകയാണിവിടെ. ക്രിസ്തീയ കാര്യവിചാരകത്വത്തിന്റെ മർമ്മങ്ങളെ 3 രീതിയിൽ ഈ ഭാഗത്ത് വിവരിച്ചിരിക്കുന്നു.

**1) To use our opportunities wisely വി. ലൂക്കോസ് 16:9**

അന്യായമായ സമ്പത്തുകൊണ്ട് നിങ്ങൾ സ്നേഹിതന്മാരെ സമ്പാദിച്ചു കൊൾവിൻ. അവർ ഇല്ലാതെയാകുമ്പോൾ അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തുകൊള്ളും. അന്യായമായ സമ്പത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് "അനീതിയുടെ മാമോൻ' ആയ ലൗകീക സമ്പത്ത് എന്നതാണ്. ലൗകീകമായ സമ്പത്ത് വിവേകപൂർവ്വം ഉപയോഗിച്ച് യുഗാന്ത്യഭാവി സുരക്ഷിതമാക്കുവാനുള്ള ഉപദേശമാണിത്. ഒരു നല്ല കാര്യസ്ഥൻ യജമാനന്റെ വസ്തുവകകളെ (സമ്പാദ്യം) കാത്തുസൂക്ഷിക്കുന്നതോടൊപ്പം തന്നെ ദാസന്മാരുടെ കാര്യങ്ങളിലും ശ്രദ്ധ ചെലുത്താൻ കടപ്പെട്ടവനാണ്. അപ്പോൾ ലൗകീക സമ്പത്ത് മറ്റുള്ളവരെ സഹായിക്കുവാൻ ഉപയോഗിക്കുമ്പോൾ സ്നേഹിതന്മാരുടെ എണ്ണം വർദ്ധിക്കുകയും പ്രതിഫലം ലഭിക്കുകയും ചെയ്യും. എന്നാൽ അത് നഷ്ടപ്പെടുമ്പോൾ ഈ ലോകത്തിലെ ആവശ്യക്കാർ അവരെ സഹായിച്ചവരെ സ്വർഗ്ഗരാജ്യത്തിൽ സ്വീകരിക്കുമ്പോൾ ലജ്ജയോടെ നോക്കി നിൽക്കേണ്ടതായി വരും. ശുശ്രൂഷയുടെ കാര്യവിചാരകത്വത്തിലൂടെ, ലഭിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങളെ വിശ്വസ്തതയോടും വിശുദ്ധിയോടും വിനയത്തോടും പൂർത്തീകരിക്കുവാനുള്ള ധാർമ്മികമായ കടപ്പാടും കർത്തവ്യനിർവ്വഹണങ്ങളും ദൈവം നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നുണ്ട്. 1 പത്രോസ് 4:10; വി. ലൂക്കോസ് 12:33.

**2) Be faithful in the way you use your material health വി. ലൂക്കോസ് 16:10-12**

"അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ." മനുഷ്യൻ ആഗ്രഹിക്കുന്നതും അവകാശപ്പെടുന്നതും ആയ നാല് കാര്യങ്ങളാണ് പണം, ശക്തി, സ്ഥാനം, അംഗീകാരം. ഇതിൽ മാത്രം ആശ്രയം വച്ച് പ്രത്യാശ വയ്ക്കുമ്പോൾ ആയതിന് 'മാമോൻ' എന്ന് വിളിക്കാറുണ്ട്. അപ്പോൾ ജീവിതം ആയതിനുവേണ്ടിയുള്ള വ്യഗ്രതയിലും ശ്രമത്തിലും പാഴായിപ്പോകും. ദൈവാശ്രയം നഷ്ടപ്പെടുന്ന സാഹചര്യമാണിത്. ഇപ്രകാരം ദൈവാനുഭവത്തിന്റെ ഏറ്റക്കുറച്ചിലുകൾ ഭൗതികതയുടെ അതിപ്രസരത്തിനും കീഴ്പ്പെടുത്തലിനും സാഹചര്യമൊരുക്കുകയാണിവിടെ. ധനം ജീവിതത്തിന് ആവശ്യം തന്നെ. എന്നാൽ ധനം ജീവിതത്തെ നിയന്ത്രിക്കുകയല്ല വേണ്ടത്, നാം വിശ്വസ്തതയോടെ ധനം കൈകാര്യം ചെയ്യണം. ധനം സമ്പാദിക്കുന്നതിലും ചിലവിടുന്നതിലും അവിശ്വസ്തരായവർ ദൈവരാജ്യത്തിലെ യഥാർത്ഥ സമ്പത്തിലും അവിശ്വസ്തത കാണിക്കും. 2 കൊരി. 8:21

**3) Be wholly devoted to God and single minded വി. ലൂക്കോസ് 16:13**

രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല. ഉദാ: ഒരു സമയത്ത് 2 വശത്തേക്ക് എങ്ങനെയാണ് നടക്കുക. ധനത്തിനുവേണ്ടി മാത്രം ജീവിച്ചാൽ ദൈവത്തിനുവേണ്ടി എങ്ങനെ ജീവിക്കും? ഇന്ന് ധനസമ്പാദനവും ധനസമാഹരണവും ഇന്ന് എങ്ങനെ? മറ്റു രാജ്യങ്ങളിൽ നിരോധിച്ച 'എൻഡോസൾഫാൻ' എന്ന കീടനാശിനി പണത്തിനുവേണ്ടി കേരളത്തിലെ കാസർഗോഡ് ജില്ലയിലെ എസ്റ്റേറ്റുകളിൽ ഉപയോഗിച്ചു. അനന്തരഫലം എത്രയോ കഠിനവും ക്രൂരവുമായിരുന്നു. ധനസമ്പാദനത്തിന് ഒരു കാര്യവിചാരകത്വം ആവശ്യമാണ്. ധനമോഹം ദൈവസ്നേഹത്തിനെതിരെ മനുഷ്യഹൃദയങ്ങളിൽ സംഘർഷം വരുത്തുന്ന കാലഘട്ടമാണിത്. മാത്രമല്ല ഒരിക്കലും പൊരുത്തപ്പെടാത്ത 2 യജമാനൻമാരാണ് ദൈവവും ധനവും. സർവ്വതിനെയും നിയന്ത്രിക്കുന്ന, സർവ്വത്തെയും ഭരിക്കുന്ന, സർവ്വകാര്യങ്ങളുടെയും ഉടമസ്ഥനുമായിരിക്കുന്ന ദൈവത്തിനുമുമ്പിൽ സമഗ്രസമർപ്പണം ആവശ്യമാണ്.

## ബഥേൽ പത്രിക വരിസംഖ്യ സമാഹരണം

**സെപ്റ്റംബർ 2013**

| | |
|---|---|
| കുരമ്പാല സെന്റ് തോമസ് | 01-09-2013 |
| അറത്തിൽ സെന്റ് ജോർജ് | 15-09-2013 |
| അറത്തിൽ സെന്റ് ജോർജ് | 22-09-2013 |
| ആറ്റുവ മാർ ബർസൗമ | 29-09-2013 |

ഫാ. തോമസ് വർഗീസ് കടവിൽ
(സർക്കുലേഷൻ മാനേജർ)

## സ്വാതന്ത്ര്യ ദിനാഘോഷം

പിരളശ്ശേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപള്ളിയിൽ സ്വാതന്ത്ര്യദിനം പ്രമാണിച്ച് റവ. ഫാ. ഗീവർഗ്ഗീസ് ജോൺ പതാക ഉയർത്തുകയും വി. കുർബ്ബാന മദ്ധ്യേ രാഷ്ട്രത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തുകയും ചെയ്തു.

ബാലപത്രിക



# കണ്ണുനീർ തുള്ളിയിൽ മഴവില്ലുകൾ

സ്നേഹമുള്ള കൂട്ടുകാരെ,

മാവിന്റെ കൊമ്പിലും മരങ്ങളുടെ പൊത്തിലും കാക്കകളും കിളികളും ഒക്കെ കൂടു കെട്ടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? എന്നാൽ കഴുകന്റെ കൂടുകൾ കണ്ടിട്ടുള്ളവർ വിരളമായിരിക്കും. കാരണം കഴുകൻ കൂടുകെട്ടുന്നത് ഏറ്റവും ഉയരമുള്ള വൃക്ഷങ്ങളിലോ ഉന്നത ഗിരിശൃംഖങ്ങളുടെ ചരിവുകളിലോ ആണ്. അതിന് ചില പ്രത്യേകതകളുണ്ട്.

ചുള്ളി കമ്പുകളും പാറക്കഷണങ്ങളും മുന കൂർത്ത മറ്റു സാധനങ്ങളും അടുക്കിയിട്ട് അതിന്റെ മുകളിൽ പഞ്ഞി, പക്ഷികളുടെ തൂവലുകൾ, മൃഗങ്ങളുടെ രോമങ്ങൾ എന്നിവയെല്ലാം നിരത്തി മാർദ്ദവമുള്ള ശയ്യ സജ്ജമാക്കുന്നു. അതിനുശേഷമാണ് മുട്ടയിട്ട് അതിന്റെ മേൽ പൊരുന്നയിരിക്കുന്നത്. മുട്ടവിരിഞ്ഞ് പുറത്തു വരുന്ന കുഞ്ഞുങ്ങൾക്ക് തള്ളപ്പക്ഷി ഭക്ഷണവും സംരക്ഷണവും നൽകുന്നു. ആദ്യകാലങ്ങളിൽ കുഞ്ഞുങ്ങളുടെ വായിൽ തീറ്റ എത്തിച്ചുകൊടുക്കാറുണ്ടെങ്കിലും അധികനാൾ അതു തുടരുകയില്ല. കുഞ്ഞുങ്ങൾ പറക്കാൻ പഠിക്കണം. സ്വയമായി ഭക്ഷണം കണ്ടെത്തുകയും വേണം. അങ്ങനെ സ്വയം പര്യാപ്തതയിൽ എത്തുവാൻ തള്ളപ്പക്ഷി പലകാര്യങ്ങളും ചെയ്യാറുണ്ട്.

തള്ളിപ്പക്ഷി കൂട്ടിലെ മാർദ്ദവ വസ്തുക്കൾ കൊത്തി താഴെയിടും അപ്പോൾ അതിനു താഴെയുള്ള കൂർത്ത കല്ലുകളുടെയും കമ്പുകളുടെയും മുനകൾ കുഞ്ഞുങ്ങൾക്ക് അസ്വസ്ഥത ഉളവാക്കും വായിൽ ഭക്ഷണം എത്തിക്കുന്ന രീതിയും നിർത്തലാക്കും. അപ്പോൾ കൂട്ടിനുള്ളിലെ അസ്വസ്ഥതയിൽ നിന്നും രക്ഷ നേടുവാൻ വിശപ്പിൽ നിന്നും മോചനം പ്രാപിക്കുവാൻ സ്വയമേവ ആഗ്രഹിക്കും. ഈ അവസരത്തിൽ തള്ളപ്പക്ഷി കൂടു ചലിപ്പിച്ച് കുഞ്ഞുങ്ങളെ പുറത്തേക്ക് തള്ളിയിടും.

ഇത് തള്ളപ്പക്ഷിയുടെ ക്രൂരത കൊണ്ടല്ല, മറിച്ച് കുഞ്ഞുങ്ങൾക്ക് സ്വയം ചിറകു വിടർത്തി പറക്കുവാനും ഭക്ഷണം തേടാനുമുള്ള പരിശീലനത്തിന്റെ ഭാഗമാണ്. എന്നാൽ കുഞ്ഞുങ്ങൾക്ക് ആപത്തു സംഭവിക്കാതിരിക്കുവാൻ അവയ്ക്കുമീതെ പറക്കുകയും ആവശ്യമുള്ളപ്പോൾ തള്ളയുടെ ചിറകിന്മേൽ വഹിക്കുകയും ചെയ്യുന്നു.

പക്ഷി തന്റെ കുഞ്ഞുങ്ങളെ കരുതുന്നതുപോലെ ദൈവം തന്റെ മക്കളെ കാത്തു പരിപാലിക്കുന്നു എന്നതിന്റെ അർത്ഥം കഴുകന്റെ പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ അനുദിന ജീവിതത്തിൽ സംഭവിക്കുന്ന പല കാര്യങ്ങളുടെയും അർത്ഥം അഥവാ ഉദ്ദേശം ശരിയായി മനസ്സിലാകും.

മൃദുല ശയ്യകൾ നീക്കി പരുപരുത്തതും വേദന വരുത്തുന്നതുമായ അവസ്ഥയിലേക്ക് പലപ്പോഴും നമ്മെ എത്തിക്കുന്നുണ്ടാകും. അപ്പോൾ നാം നിരാശരും നിരാലംബരും ആയിത്തീരാം. എന്നാൽ ആ സാഹചര്യം നമ്മുടെ സുഷുപ്തിയിൽ നിന്നും നമ്മെ ഉണർത്തുവാനും നൈസർഗ്ഗികമായ നമ്മുടെ കഴിവുകളെ പ്രയോഗിക്കാനും നമ്മെ സഹായിക്കണം.

വിശ്വാസത്തിന്റെ ചിറകു വിരിച്ച് പുതിയ അനുഗ്രഹങ്ങളുടെയും അനുഭവങ്ങളുടെയും വിഹായസിലേക്ക് പറന്നുയരുവാൻ നമ്മുടെ പ്രതികൂലങ്ങൾ നാം പ്രയോജനപ്പെടുത്തണം.

കൂട്ടുകാരെ,

നാം ക്ഷീണിച്ചു തളരുമ്പോൾ വീണുപോകാതെ നമ്മെ വഹിക്കുവാൻ സർവ്വേശ്വരൻ നമ്മോടു കൂടെയുണ്ടെന്നുള്ളത് ഓർക്കുക. കണ്ണുകളിൽ കണ്ണുനീർത്തുള്ളികൾ നൽകുന്നത് ഹൃദയത്തിൽ മഴവില്ലു വിരിക്കുവാനാണെന്നു മറക്കാതിരിക്കുക.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം **ആനിച്ചേച്ചി**



# ഭദ്രാസന വാർത്തകൾ

പരിശുദ്ധ ദൈവമാതാവിന്റെ ജനന പെരുന്നാളിനോട് അനുബന്ധിച്ചു നടത്തപ്പെടുന്ന എട്ടുനോമ്പ് സമുചിതമായി വിവിധ ഇടവകകളിൽ ആചരിച്ചു. ആത്മീയ ഉണർവ്വും ആത്മശരീരമനസുകൾക്ക് ആശ്വാസവും, സൗഖ്യവും, സമാധാനവും പ്രധാനം ചെയ്യുന്ന പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത ഏവർക്കും ഫലവത്തായി എന്നു പ്രത്യാശിയ്ക്കുന്നു.

2013-ലെ കാതോലിക്കാദിന കവർ പിരിവുതുക സമാഹരണം ആഗസ്റ്റ് മാസം 19-ാം തീയതി ബഥേൽ അരമനയിൽവച്ചുനടന്നു. അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഫിനാൻസ് കമ്മറ്റി പ്രസിഡന്റ് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. 2012-ൽ ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിച്ചു നൽകിയ ഇടവകകൾക്കും വികാരിമാർക്കും പ്രത്യേകം പാരിതോഷികം നൽകി അഭിനന്ദിച്ചു. തന്നാണ്ടിൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ മുഴുവൻ ഇടവകകളും ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിച്ച് 14,21,812/-രൂപ ഈ ഇനത്തിൽ നൽകുവാൻ കഴിഞ്ഞു എന്നതിൽ നമുക്ക് അഭിമാനിക്കാം. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവരോടും അഭിവന്ദ്യ തിരുമനസിന്റെ പേരിൽ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

"അട്ടപ്പാടിക്കൊരു സ്നേഹസ്പർശം II" പദ്ധതി അഭിവന്ദ്യ തിരുമനസിലെ കൽപ്പനപ്രകാരം ആഗസ്റ്റ് 27, 28 തീയതികളിൽ ഭദ്രാസനത്തിലെ ബാലസമാജത്തിന്റെയും, മർത്തമറിയം സമാജത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സമുചിതമായി പൂർത്തീകരിച്ചു. ഇരു സംഘടനയുടെയും വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡിസ്ട്രിക്റ്റ് സെക്രട്ടറിമാർ തുടങ്ങിയവർ അട്ടപ്പാടി സന്ദർശനത്തിനും, ഊരുകളിൽ വസ്ത്രം വിതരണം ചെയ്യുന്നതിനും നേതൃത്വം നൽകി.

ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന ക്ലാസ്സ് മുളക്കുഴ സെന്റ് മേരീസ് പള്ളിയിൽ വച്ച് ആഗസ്റ്റ് 25-ന് നടത്തപ്പെട്ടു. ഒക്ടോബർ മാസം 2-ാം തീയതി ഭദ്രാസനതല അദ്ധ്യാപക പരിശീലന ക്ലാസ്സ് രാവിലെ 9.30 മുതൽ മേഖലാ അടിസ്ഥാനത്തിൽ ബഥേൽ അരമനയിൽവച്ചും കുളനട സെന്റ് ജോർജ്ജ് ചാപ്പലിൽവച്ചും നടത്തപ്പെടുന്നതാണ്. ഭദ്രാസന യുവജന വാരാഘോഷം സെപ്റ്റംബർ 15 മുതൽ വിവിധ പരിപാടികളോടുകൂടി നടത്തപ്പെടുന്നു. ഉത്ഘാടന സമ്മേളനം കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽവച്ച് സെപ്റ്റംബർ 15-നും, മൽസരങ്ങൾ 17-ന് പുത്തൻകാവ് മെട്രോപ്പോലീത്തൻ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽവച്ചും, സമാപന സമ്മേളനം 21-ന് പന്തളം അറത്തിൽ സെന്റ് ജോർജ്ജ് മഹാ ഇടവകയിൽവച്ചും നടത്തുന്നതിന് വിപുലമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് റോം, ബ്രിസ്റ്റൻ എന്നിവിടങ്ങളിലെ ദൗത്യം അനുഗ്രഹകരമായി പൂർത്തീകരിച്ച് സെപ്റ്റംബർ 17-ന് അരമനയിൽ തിരിച്ചെത്തുന്നു. ഭദ്രാസന വൈദിക യോഗം സെപ്റ്റംബർ 21-ന് ബഥേൽ അരമനയിൽവച്ച് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസിന്റെ അദ്ധ്യക്ഷതയിൽ ചേരുന്നു. റവ.ഫാദർ നൈനാൻ കെ. ജോർജ്ജ് ക്ലാസിനു നേതൃത്വം നൽകും. ഭദ്രാസന വാർഷിക പൊതുയോഗം 28-ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽവച്ച് അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നു.

സമഭാവനയുടെ ഭൂതകാല സ്മരണ ഗൃഹാതുരത്വമുണർത്തുന്ന പൊൻ ചിങ്ങമാസത്തിലെ പൊന്നോണം സമാഗതമായിരിക്കുന്ന ഈ വേളയിൽ ഏവർക്കും നന്മയുടെയും, സമൃദ്ധിയുടെയും, ശാന്തിയുടെയും, സമാധാനത്തിന്റെയും നിറവിൽ ഓണാശംസകൾ.

*സ്നേഹാദരപൂർവ്വം, കർത്തൃശുശ്രൂഷയിൽ*

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

(ഭദ്രാസന സെക്രട്ടറി)




സഹപ്രവർത്തകരെ,

**സഹപാഠ്യമത്സരം**

യൂണിറ്റ് തലത്തിൽ സഹപാഠ്യമത്സരങ്ങൾ വളരെ ഭംഗിയായി നടന്നുവല്ലോ. ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവരെ ഡിസ്ട്രിക്ട്തല സഹപാഠ്യ മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാനും ഉന്നത വിജയം കരസ്ഥമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഡിസ്ട്രിക്ട് തല മത്സരം സെപ്റ്റംബർ 21–ാം തീയതി നടക്കുന്നതാണ്. ഭദ്രാസനതല മത്സരം ഒക്ടോബർ 12–ാം തീയതി ശനിയാഴ്ച ബഥേൽ അരമനയിൽ വച്ച് 9.30 ന് നടത്തപ്പെടുന്നതാണ്.

**ഭദ്രാസന അദ്ധ്യാപക പരിശീലനക്ലാസ്സ്**

ഒക്ടോബർ രണ്ടാം തീയതി ബുധനാഴ്ച ഭദ്രാസന അദ്ധ്യാപക പരിശീലന ക്ലാസ് കഴിഞ്ഞ വർഷം നടത്തിയതുപോലെ രണ്ട് സോണലുകളിലായി യഥാക്രമം ബഥേൽ അരമന, കുളനട സെന്റ് ജോർജ്ജ് ചാപ്പൽ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്. ഡിസ്ട്രിക്ട് ഇൻസ്പെക്ടറെ ഓരോ യൂണിറ്റിൽ നിന്നും എത്ര അദ്ധ്യാപകർ പങ്കെടുക്കും എന്ന വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 75/– രൂപാ വീതം ആയിരിക്കും.

**സണ്ടേസ്കൂൾ ജൂബിലി**

രണ്ടു വിഭാഗങ്ങളിലായിരുന്ന സഭയിൽ സണ്ടേസ്കൂൾ അസോസിയേഷനും സണ്ടേസ്കൂൾ സമാജവും ഉണ്ടായിരുന്നത് സഭ യോജിച്ചപ്പോൾ OSSAE (സണ്ടേസ്കൂൾ അസോസിയേഷൻ) രൂപീകരിച്ചതിന്റെ 50–ാം വർഷം ആഘോഷിക്കപ്പെടുകയാണ്. ആഗസ്റ്റ് 10–ാം തീയതി സഭയുടെ പരമാദ്ധ്യക്ഷൻ മോറോൻ മാർ ബസേലിയോസ് മർത്തോമ്മാ പൗലൂസ് II കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കേന്ദ്രതലത്തിൽ ഉത്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഇനി ഭദ്രാസന–ഡിസ്ട്രിക്ട്–യൂണിറ്റു തലത്തിൽ ഉദ്ഘാടനം നടത്തുവാൻ തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**മേഖലാ സമ്മേളനം**

ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ, മാവേലിക്കര ഭദ്രാസനങ്ങളുടെ മേഖലാ സമ്മേളനം നടത്തേണ്ടതായിരിക്കുന്നു. വിശദമായ സംഗതികൾ പുറകാലെ അറിയിക്കുന്നതായിരിക്കും. അഖില മലങ്കര അടിസ്ഥാനത്തിൽ വിവിധ സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ള മുൻപ്രതിഭകളുടെ സമ്മേളനം ഡിസംബർ 21–ാം തീയതി നമ്മുടെ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുവാൻ തക്കവണ്ണം ക്രമീകരിച്ചുകൊണ്ടിരിക്കുന്നു.

ജൂബിലി വർഷത്തിൽ ഡിസ്ട്രിക്ട് തലത്തിൽ കുട്ടികളുടെ ഒരുക്ക ശുശ്രൂഷ നടത്തുവാനും, കൗൺസിലിംഗ് ക്ലാസ്സ് കുട്ടികൾക്ക് നടത്തുവാനും, അദ്ധ്യാപകർ യൂണിറ്റുതലത്തിൽ ഭവനങ്ങൾ സന്ദർശിക്കുവാനും ദൈവാലയ ശുചീകരണം, പൂച്ചെടി നട്ടുപിടിപ്പിക്കൽ, വേദ പുസ്തകമില്ലാത്ത ഭവനങ്ങളിൽ അവ വിതരണം ചെയ്യുവാനും സാധിക്കണം.

വിശദമായ കല്പനകൾ പ. ബാവാ തിരുമനസ്സിന്റെയും ഭദ്രാസന സണ്ടേസ്ക്കൂൾ പ്രസിഡന്റ് തിരുമേനിമാരുടെയും, ഡയറക്ടർ ജനറലിന്റേയും നിർദ്ദേശങ്ങൾ യഥാസമയം ലഭിക്കുന്നതനുസരിച്ച് പ്രഥമാദ്ധ്യാപകരും, സഹഅദ്ധ്യാപകരും വിദ്യാർത്ഥികളും ഇടവക വികാരിയോട് ചേർന്ന് ആലോചിച്ച് ചെയ്യുവാൻ തക്കവണ്ണം ശ്രദ്ധിക്കണം.

കർത്തൃശുശ്രൂഷയിൽ
**ജി. വർഗ്ഗീസ് കാവുംപുറത്ത്**
ഭദ്രാസന ഡയറക്ടർ

## പച്ചക്കറി വിത്ത് വിതരണം



പേരിശ്ശേരി സെന്റ് മേരീസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സൗജന്യമായി പച്ചക്കറി വിത്ത് വിതരണം ചെയ്തു. റവ. ഫാ. കെ.എം. വർഗ്ഗീസ് കളീക്കൽ ഉത്ഘാടനം ചെയ്തു. റവ. ഫാ. ബിജു റ്റി. മാത്യു, റിബു ജോൺ വലിയപറമ്പിൽ, കെവിൻ ജി. മാത്യു, ജെറിൻ സാമുവേൽ, ജിക്കോ ജിജോ കെ. ജോയി, ജെമിൻ, ജെറിൻ തോമസ് എന്നിവർ നേതൃത്വം നൽകി.